19
2025
മാർച്ച്
ബുധൻ
മീനം 5

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.101 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-101 പേജ് 4. വില 2.00 രൂപ




02 ചരിത്രവിലയിൽ സ്വർണം; പവന് 66,000 രൂപ കടന്നു

03 ഗാസയിൽ വീണ്ടും കനത്ത വ്യോമാക്രമണം, 300 മരണം

04 കണ്ണൂരിലെ പിഞ്ചുകുഞ്ഞിനെ കൊലപ്പെടുത്തിയത് പന്ത്രണ്ടുകാരി

# പോച്ചിംഗിനായി കടലൂരിൽ നിന്നുവന്ന കപ്പൽവള്ളം ഫിഷറീസ് വലയിലായി

യേശുദാസ് വില്യം.

കൊല്ലം:ശക്തികുളങ്ങര: തീരക്കടലിൽ നിരോധിത വല ഉപയോഗിച്ചു മൽസ്യബന്ധനം നടത്തുവാൻ തമിഴ്നാട്ടിലെ കടലൂരിൽ നിന്നും കൊല്ലം ശക്തികുളങ്ങര തീരത്ത് എത്തിയ കൂറ്റൻ കപ്പൽ വള്ളത്തെ ഫിഷറീസ് ഡിപാർട്ടുമെന്റ് പിടിച്ചെടുത്തു.തീരത്തു നിന്നും അൻപതു നോട്ടിക്കൽ മൈൽ ദുരത്തു പോലും വലവിരിച്ചു കൂട്ടത്തോടെ മൽസ്യത്തെ വലയിലാക്കുവാൻ കെല്പുള്ള റിംഗ് സീനാണ് പിടിച്ചെടുത്ത വള്ളത്തിൽ കണ്ടെത്തിയിരിക്കുന്നത്.തമിഴ്നാട്ടിലെ കടലൂരിൽ നിന്നും എത്തി ശക്തികുളങ്ങരയിലെ സ്വകാര്യ ജെട്ടിയിൽ കേരളത്തിലെ വള്ളങ്ങൾക്കായുള്ള കളർകോഡ് നൽകുമ്പോഴായിരുന്നു പിടിയിലായത്. പ്രാദേശിക പരമ്പരാഗതമൽസ്യത്തൊഴിലാളികൾ ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെ വിവരം അറിയിക്കുകയായിരുന്നു.

കേരളത്തിലെ കപ്പൽ വള്ളങ്ങളിൽ നിന്നും വ്യത്യസ്തമാണ് തമിഴ്നാട്ടിൽ നിന്നും വന്ന വള്ളം.ഉൾക്കടലിൽ പോലും വലവിരിക്കുവാൻ കെല്പുള്ള വലിയ റിംഗ് സീനുകളും സന്നാഹങ്ങളുമുള്ള ഈ വള്ളം ദിവസങ്ങളോളം ഉൾക്കടലിൽ ക്യാമ്പു ചെയ്തു കൊണ്ടു മൽസ്യബന്ധനം നടത്തുന്നതാണ് രീതി.തീരത്തു നിന്നും ക്യാരി വള്ളങ്ങൾ കടലിലേക്ക് എത്തി ഇവർ കോരിയെടുക്കുന്ന മൽസ്യങ്ങൾ സംഭരിച്ചു ഹാർബറിൽ കൊണ്ടുവന്നു വിറ്റഴിച്ചു കൊണ്ടിരിക്കും.രാപകൽ നിർത്തില്ലാതെ നടക്കുന്ന ഈ മൽസ്യബന്ധനം സാധാരണ മൽസ്യബന്ധനം നടത്തുന്നവർക്ക് ഒന്നും കിട്ടാത്ത അവസ്ഥ ഉണ്ടാക്കും.മറ്റൊന്ന് ഇവർക്കും എന്തെങ്കിലും കിട്ടിയാൽ തന്നെ അതിനു വേണ്ടത്ര വിലയും ലഭിക്കില്ലന്നു ഈ രംഗത്തുള്ളവർ പറയുന്നു.നിയന്ത്രണങ്ങൾ നിലനിൽക്കുന്ന തമിഴ്നാട്ടിലെ ഹാർബറുകളിൽ നിന്നും ഇവിടുത്തെ സീസൺ ലക്ഷ്യമാക്കിയാണ് ഇത്തരം വള്ളങ്ങൾ കേരളത്തിന്റെ തീരക്കടലിൽ എത്തുന്നത്. കേരള തീരത്തു മൽസ്യബന്ധനം നടത്തുവാനുള്ള പെർമിറ്റിന്റെ ആനുകൂല്യം മുതലാക്കിക്കൊണ്ടാണ് ഇവരുടെ മൽസ്യബന്ധനം.പ്രാദേശിക തരകൻമാർ വഴി ഇവിടെ താൽകാലികമായ പെർമിറ്റുകൾ നേടിയെടുക്കുന്ന ഇത്തരം വള്ളങ്ങൾ കേരള തീരത്തു മൽസ്യബന്ധനം നടത്തുന്ന വള്ളങ്ങൾക്കു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കളർ കോഡും ചെയ്തു കഴിഞ്ഞാൽ ഇവരുടെ പ്രവർത്തനം സുഗമമായി. ഇവരുടെ മൽസ്യവിപണനത്തിനും മറ്റു കാര്യങ്ങൾക്കുമായി വൻതുക ഇടാക്കുന്ന കമ്മീഷൻ ഏജന്റുമാരുംഉണ്ട്.

ശക്തികുളങ്ങര,നീണ്ടകര ഫിഷിംഗ് ഹാർബർ കേന്ദ്രീകരിച്ച് ആയിരക്കണക്കിനു പരമ്പരാഗത വള്ളങ്ങളും,അതുപോലെ തന്നെ ട്രോളിംഗ് ബോട്ടുകളും പ്രവർത്തിക്കുന്നുണ്ട്.ഒരു വറുതിക്കാലം കഴിഞ്ഞ് തീരം പ്രതീക്ഷയോടെ ഉറ്റു നോക്കുന്ന സീസൺ കാലത്തേക്കു പ്രവേശിക്കുമ്പോഴാണ് തീരക്കടലിലും ഉൾക്കടലിലും പോച്ചിംഗിനായി കേരളത്തിനു പുറത്തുള്ള കപ്പൽ വള്ളങ്ങൾ എത്തുന്നത്.പതിവിൽ നിന്നും വ്യത്യസ്തമായി പരമ്പരാഗത മൽസ്യത്തൊഴിലാളികളും,യന്ത്രവൽകൃത മേഖലയിലുള്ളവരും ഇത്തരം കടന്നു കയറ്റങ്ങളെ ഒന്നിച്ചു നിന്ന് എതിർക്കുന്നുവെന്ന പ്രത്യേകതയും ഇപ്പോഴുണ്ട്.ഹാർബറുകളിൽ നിന്നും മറ്റു കേന്ദ്രങ്ങളിൽ നിന്നും ബോട്ടുകളിലും മറ്റും സംഭരിച്ചു കൊണ്ടുവന്നു നീണ്ടകര,ശക്തികുളങ്ങര ഹാർബറുകളിൽ വിറ്റഴിക്കുന്ന പ്രവണതയും വർദ്ധിച്ചുവരുന്നതായി മൽസ്യത്തൊഴിലാളികൾ ചൂണ്ടിക്കാട്ടുന്നു.തങ്ങൾ പിടിച്ചു കൊണ്ടു വരുന്ന മൽസ്യങ്ങൾക്ക് യഥാർത്ഥ വില കിട്ടുന്നല്ലന്നു മാത്രമല്ല വെറുതെ കൊടുക്കേണ്ട സാഹചര്യമാണ് സംജാതമാകുന്നത്.ലക്ഷങ്ങൾ മുതൽമുടക്കി പ്രവർത്തിപ്പിക്കുന്ന ട്രോളിംഗ് മൽസ്യബന്ധനം വൻ പ്രതിസന്ധിയെ നേരിടുന്ന ഘട്ടമാണന്നും ഈ മേഖലയിലുള്ളവർ പറയുന്നു.ഇത്തരം കടന്നു കയറ്റങ്ങൾക്കും,അനധികൃത വിപണനത്തിനും തടയിടേണ്ടത് വ്യവസയത്തിന്റെ നിലനിൽപിനാവിശ്യമാണന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.



പോച്ചിംഗിനായി കടലൂരിൽ നിന്നുവന്ന കപ്പൽവള്ളം ഫിഷറീസ് വകുപ്പ് പിടിച്ചടുത്തപ്പോൾ



## സുനിതയും സഹപ്രവർത്തകരും ഭൂമിയിലേക്ക്

ന്യൂയോർക്ക്: അന്താരാഷ്ട്ര ബഹിരാകാശ കേന്ദ്രത്തിൽ കുടുങ്ങിയ ബഹിരാ?കാശ ശാസ്ത്രജ്ഞ സുനിത വില്യംസും ബുച്ച് വിൽമോറും ഭൂമിയിലേക്കുള്ള യാത്ര ആരംഭിച്ചു. സാങ്കേതിക തകരാറ് മൂലം ഒമ്പത് മാസം ബഹിരാകാശത്ത് കുടുങ്ങിയതിന് പിന്നാലെയാണ് മടക്കയാത്ര.

ഇന്ത്യൻ സമയം 10.35 ന് ബഹിരാകാശകേന്ദ്രത്തിൽ നിന്നും അൺഡോക്ക് ചെയ്ത പേടകത്തിൽ സുനിതയും വിൽമോറൂം 17 മണിക്കൂർ യാത്ര ചെയ്താണ് ഭൂമിയിലെത്തുക.ബുധനാഴ്ച്ച പുലർച്ചെ 3.27 ഓടെ ഇരുവരും ഭൂമി തൊടും. സുനിതയ്ക്കും ബുച്ചിനും പുറമേ നിക് ഹേഗ്, അലക്സാണ്ടർ ഗോർബുനോവ് എന്നിവരും മടക്കയാത്രയിൽ ഒപ്പമുണ്ട്.

## കടൽമണൽ ഖനനം കേരളത്തിന് ഗുണകരമെന്ന് കേന്ദ്രമന്ത്രി

ന്യൂഡൽഹി: കടൽ മണൽഖനനം കേരളത്തിന് ഗുണകരമായിരിക്കുമെന്ന് കേന്ദ്ര വനംപരിസ്ഥിതി സഹമന്ത്രി കീർത്തിവർധൻ സിംഗ്.

കടൽമണൽ ഖനനത്തിനുള്ള പ്രദേശങ്ങൾ സൂക്ഷ്മമായാണു തെരഞ്ഞെടുക്കുന്നതെന്നും മത്സ്യബന്ധന മേഖലകളെ ബാധിക്കില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ടെന്നും മന്ത്രി ലോക്സഭയിലെ ചോദ്യോത്തരവേളയിൽ പറഞ്ഞു.

എന്നാൽ, ഖനനം മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നും കേന്ദ്രം ഖനന നടപടികളിൽ നിന്ന് പിന്മാറണമെന്നും കെ. സി. വേണുഗോപാൽ എംപി സഭയിൽ ആവശ്യപ്പെട്ടു.

നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന ടെൻഡർ നടപടികൾ ഉടനടി നിർത്തിവയ്ക്കണമെന്നും വിഷയത്തിൽ പരിസ്ഥിതി ആഘാതത്തെക്കുറിച്ച് നിഷ്പക്ഷമായ പഠനം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ടെൻഡർ നടപടികൾക്കു ശേഷം പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനെതിരേ എൻ. കെ. പ്രേമചന്ദ്രൻ എംപിയും ചോദ്യമുയർത്തി.

## കൊല്ലം പോർട്ട് സ്വകാര്യവൽക്കരണം അനുവദിക്കില്ല: അഡ്വ. എഫ്. ജെ. നെറ്റോ

കൊല്ലം: കൊല്ലം തീരത്തെ മത്സ്യതൊഴിലാളികളുടെ അശ്രാന്ത പരിശ്രമങ്ങളിലൂടെ മത്സ്യബന്ധത്തിനായി നേടിയെടുത്ത കൊല്ലം തുറമുഖം സ്വകാര്യവൽക്കാരി ക്കാനുള്ള നീക്കം അനുവദിക്കില്ല. എത്രയും വേഗം തീരുമാനം ഉപേക്ഷിക്കണമെന്ന് അഖില കേരള സ്വതന്ത്ര മത്സ്യതൊഴിലാളി യൂണിയൻ സംസ്ഥാന പ്രസിഡൻറ് അഡ്വ. എഫ്. ജെ നെറ്റൊ ആവശ്യപ്പെട്ടു.

കടൽ മണൽ ഖനനം, തീരദേശ പാത എന്നിവയുടെ ഫലം തീരത്തെ മത്സ്യതൊഴിലാളികളുടെ ഉന്മൂലനമാണ് കോർപ്പറേറ്റുകൾ ലക്ഷ്യമിടുന്നത്. കോർപ്പറേറ്റുകൾക്ക് ഓശാന പാടുന്ന കേന്ദ്ര സർക്കാർ നയം തിരുത്തണമെന്നും കടൽതീര അവകാശനിയമം എത്രയും പെട്ടെന്ന് കൊണ്ടുവന്ന് തിരമക്കളുടെ തീരത്ത് ജീവിക്കാനുള്ള അവകാശവും കടലിൽ മത്സ്യബന്ധനം നടത്താനുള്ള അവകാശവും സംരക്ഷിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി സുധീർ തോട്ടുവാൽ അധ്യക്ഷത വഹിച്ചു. കടവൂർ ജോസഫ്, ജെറോം പടപ്പക്കര, ആൽബർട്ട് കടുക്കര, ചിന്നപ്പൻ അരിനല്ലൂർ എന്നിവർ പ്രസംഗിച്ചു.

## Mother Delphine Mary Memorial Endowment for Zoological excellence – Empowering Education and nurturing future zoologists

Rev. Mother Delphine Mary served in the Department of Zoology from 1966 to 1992. In honor of her dedicated service and commitment to education, her family has instituted an endowment of ?5 lakhs to support and inspire future zoologists. This generous contribution aims to empower students in the field of Zoology by conducting workshops, seminars, financial assistance, and encouraging academic excellence.



The endowment will be officially handed over to Bishop of Quilon Rev. Dr. Paul Mullassery by her brother, Mr. F. Antony, as a tribute to Mother Delphine Mary's legacy. This initiative stands as a testament to her passion for zoology and her unwavering dedication to nurturing young minds. Through this fund, her influence will continue to shape the aspirations of students, ensuring that her vision for education and scientific inquiry endures for generations to come.



# ട്രാൻസ്ലേഷണൽ ഹെൽത്ത് സയൻസസ് ഗവേഷണത്തിനായി ശാസ്ത്രജ്ഞർ സ്വകാര്യ ധനസഹായം തേടണം

തിരുവനന്തപുരം: ബയോമെഡിക്കൽ മേഖലയിലെ ശാസ്ത്രജ്ഞരും ഗവേഷണ സ്ഥാപനങ്ങളും ട്രാൻസ്ലേഷണൽ ഹെൽത്ത് സയൻസസ് ഗവേഷണ പ്രവർത്തനങ്ങൾക്കായി സ്വകാര്യ സ്രോതസ്സുകളിൽ നിന്നും വ്യവസായങ്ങളിൽ നിന്നും കൂടുതൽ ധനസഹായം തേടണമെന്ന് ഫരീദാബാദിലെ ബ്രിക്ക്-ടിഎച്ച്ടിഎസ്ടിഐ (ട്രാൻസ്ലേഷണൽ ഹെൽത്ത് സയൻസ് ആൻഡ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്) എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊഫ. ഗണേശൻ കാർത്തികേയൻ പറഞ്ഞു. ബയോടെക്നോളജി റിസർച്ച് ആൻഡ് ഇന്നൊവേഷൻ കൗൺസിൽ-രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി (ബ്രിക് - ആർ ജി സി ബി) യിൽ 'ബ്രിഡ്ജിങ് ദ വാലീസ് ഓഫ് ഡെത്ത്-നാവിഗേറ്റിങ് ദ ബാരിയേഴ്സ് ടു ട്രാൻസ്ലേഷൻ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു ന്യൂഡൽഹി എയിംസിൽ കാർഡിയോളജി പ്രൊഫസർ കൂടിയായ കാർത്തികേയൻ.

കഴിഞ്ഞ 50 വർഷത്തിനിടെ ഇന്ത്യയിൽ 18 മുതൽ 19 വരെ മരുന്നുകൾ മാത്രമേ കണ്ടെത്തിയിട്ടുള്ളൂവെന്ന് കാർത്തികേയൻ പറഞ്ഞു. അതേസമയം യുഎസ് എല്ലാ വർഷവും കുറഞ്ഞത് 20 മരുന്നുകളെങ്കിലും കണ്ടെത്തുന്നു. ട്രാൻസ്ലേഷണൽ മെഡിസിൻ ഗവേഷണത്തിൽ ഇന്ത്യ ഏറെ പിറകിലാണെന്ന് വിശദീകരിച്ചുകൊണ്ട് അദ്ദേഹം ചൂണ്ടിക്കാട്ടി.ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള ഇന്ത്യയിലെ ധനസഹായം പരിമിതമാണ്. രാജ്യത്തുടനീളം ബയോമെഡിക്കൽ ഗവേഷണ പ്രവർത്തനങ്ങൾക്കായി മൂന്ന് ദശലക്ഷം യുഎസ് ഡോളർ മാത്രമേ ലഭിക്കുന്നുള്ളൂ. എന്നാൽ ഗവേഷണ പ്രവർത്തനങ്ങൾക്കായി യുഎസിന് ഏകദേശം 245 ബില്യൺ യുഎസ് ഡോളർ ലഭിക്കുന്നു.

അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് പുതിയ മരുന്നുകൾക്ക് അംഗീകാരം നേടുന്നതിനുള്ള നിയന്ത്രണങ്ങളും തടസ്സങ്ങളും ട്രാൻസ്ലേഷണൽ ഹെൽത്ത് മെഡിസിനിൽ മുന്നോട്ടു പോകുന്നതിൽ ഗവേഷകർക്ക് തടസ്സമാകുന്നുണ്ട്. ഗവേഷണം എങ്ങനെ രൂപകൽപ്പന ചെയ്യുന്നുവെന്നതും മുൻഗണന നൽകുന്നത് എന്തിനാണെന്നതും രാജ്യത്തിന് എന്താണ് പ്രധാനമെന്ന് മനസ്സിലാക്കുന്നതും പ്രസക്തമാണ്. വൈവിധ്യമാർന്നതും സഹകരണത്തിലൂന്നിയതുമായ ഗവേഷണം പ്രധാനമാണെന്നും അദ്ദേഹം വ്യക്തമാക്കി.

ബയോ ടെക്നോളജിയെ സാമ്പത്തിക വികസനത്തിൻറെ നാലാമത്തെ സ്തംഭമായി കേന്ദ്ര സർക്കാർ കണക്കാക്കുന്നുവെന്ന് ബ്രിക്ക്-ആർജിസിബി ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണ പറഞ്ഞു. ഈ ലക്ഷ്യത്തിനായി ബയോ ടെക്നോളജി മേഖല വ്യവസായത്തിന് ഒരു ബില്യൺ ഡോളർ സംഭാവന ചെയ്യേണ്ടതുണ്ട്. അതിനായി ഗവേഷണ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



തൃശ്ശൂരിൽ നടന്ന ഓൾ-കേരള ഫാഷൻ ഷോയിൽ റണ്ണർ അപ്പ് ആയ അഫ്റിൻ ഫാത്തിമയെ മുഖ്യമന്ത്രി പിണറായി വിജയൻ ആദരിക്കുന്നു. തൃശ്ശൂരിൽ 13 വർഷമായി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന കലാ കൂട്ടായ്മയായ ടീം പൂമ്പാറ്റയാണ് അഫ്റിൻ ഫാത്തിമയ്ക്ക് പരിശീലനം നൽകിയത്

# എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തും

കേരള സംസ്ഥാന ഭവന നിർമാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറെ നിയമിക്കുന്നതിന് പുതുക്കിയ മാനദണ്ഡങ്ങൾ ചേർത്തുകൊണ്ട് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി : അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ 58 വയസ് കവിയരുത്.വിദ്യാഭ്യാസ യോഗ്യത : അംഗീകൃത സർവകലാശാലയിൽ നിന്നും സിവിൽ എൻജിനീയറിങ്ങിൽ ബിരുദം (ബി.ടെക് / ബി.ഇ).പ്രവൃത്തി പരിചയം : കേരള സർക്കാർ വകുപ്പുകൾ / കെപിഡബ്ല്യുഡി / കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ 15 വർഷത്തെ പ്രവൃത്തിപരിചയവും, ആയതിൽ കുറഞ്ഞത് മൂന്ന് വർഷം എക്സിക്യൂട്ടീവ് എൻജിനീയർ (സിവിൽ) തസ്തികയിലോ അതിലുമുയർന്ന തസ്തികയിലോ പ്രവൃത്തി പരിചയം. കൂടാതെ കെട്ടിട നിർമാണ മേഖലയിൽ മുൻകാല പ്രവൃത്തി പരിചയം. അഭികാമ്യം : കോൺട്രാക്ട് അഡ്മിനിസ്ട്രേഷൻ, പ്രോജക്ട് മാനേജ്മെന്റ്, എൻജിനീയറിങ് സോഫ്റ്റ്വെയറുകൾ, കൺസ്ട്രക്ഷൻ മെത്തഡോളജീസ് & സേഫ്റ്റി സ്റ്റാൻഡേർഡ്സ് തുടങ്ങിയ മേഖലകളിലുള്ള അറിവും പ്രാവീണ്യവും.വിശദമായ ബയോഡാറ്റ ഉൾക്കൊള്ളിച്ച് ചുവടെ ചേർക്കുന്ന മേൽവിലാസത്തിൽ മാർച്ച് 28 ന് വൈകിട്ട് 5 മണിക്ക് മുൻപ് അപേക്ഷ ലഭ്യമാക്കണം. അപേക്ഷ സമർപ്പിക്കേണ്ട വിലാസം : സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമാണ ബോർഡ് ഹെഡ് ഓഫീസ്, ശാന്തി നഗർ, തിരുവനന്തപുരം, 695001. അപേക്ഷ ഇമെയിൽ (secretarykshb@gmail.com) മുഖാന്തരവും സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് ബോർഡിന്റെ വെബ്സൈറ്റ് (www.kshb.kerala.gov.in) സന്ദർശിക്കാം.

# ഖനനമേഖലയിലുള്ളവരുടെ അദാലത്ത്

ഖനനമേഖലയിലുള്ളവരുടെ ആവശ്യം പരിഗണിച്ച് സർക്കാർ 2025 ഫെബ്രുവരി 28ന് ഇറക്കിയ ഉത്തരവ് പ്രകാരം ഖനനമേഖലയിലുള്ളവരുടെ അധിക/ അനധികൃത ഖനനത്തിനുള്ള അദാലത്തിന്റെ കാലാവധി മാർച്ച് 31 വരെ നീട്ടി. ആവശ്യമുള്ളവർ അപേക്ഷകൾ ജില്ലാ ഓഫീസുകളിൽ സമർപ്പിക്കണം. മാർച്ച് 31ന് ശേഷം സർമപ്പിക്കുന്ന അപേക്ഷകളുടെയും, അധിക/ അനധികൃത ഖനനം കണ്ടെത്തുന്നവയുടെയും റോയൽറ്റിയും പിഴയും 2023 മാർച്ച് 31 ലെ ചട്ട ഭേദഗതിയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം മാത്രമായിരിക്കും.

# ലഹരിസംഘത്തിന്റെ ആക്രമണം: എസ്ഐക്കു മർദനമേറ്റു

നേമം: ലഹരി സംഘം നടത്തിയ ആക്രമണത്തിൽ എസ്ഐയ് ക്കു മർദനമേറ്റു. നേമം പോലീസ് സ്റ്റേഷനിലെ ജീപ്പിന്റെ ചില്ലുതകർക്കുകയും ചെയ്തു. വാഹന പരിശോധന നടത്തുകയായിരുന്ന കൺട്രോൾ റൂമിലെ പോലീസ് സംഘത്തിനുനേരെയാണ് ബൈക്കിലെത്തിയ രണ്ടംഗ സംഘം ആക്രമണം നടത്തിയത്. സംഭവവുമായി ബന്ധപ്പെട്ട് കൊലക്കേസ് പ്രതിയടക്കം രണ്ടുപേരെ നേമം പോലീസ് അറസ്റ്റു ചെയ്തു.

കരിമഠം കോളനിയിൽ ശ്രീക്കുട്ടനെന്നു വിളിക്കുന്ന പ്രവീൺ (19), പേരൂർക്കട കുടപ്പനക്കുന്ന് സ്വദേശി ശരത് (18) എന്നിവരെയാണ് പോലീസ് പിടികൂടിയത്. കൊലക്കേസ് ഉൾപ്പെടെ നിരവധി കേസിലെ പ്രതിയാണ് പ്രവീൺ. ഞായറാഴ്ച രാത്രി പന്ത്രണ്ടോടുകൂടി പാപ്പനംകോട് ജംഗ്ഷനിലായിരുന്നു സംഭവം. സംഘം പോലീസ് ഉദ്യോഗസ്ഥനെ അസഭ്യം പറയുകയും മർദിക്കുകയും ചെയ്തശേഷം സമീപത്തെ തട്ടുകടയിൽ കയറി ബഹളമുണ്ടാക്കുകയും ചെയ്തു. സംഭവമറിഞ്ഞെത്തിയ നേമം പോലീസ് ഇരുവരെയും ജീപ്പിൽ കയറ്റി പോലീസ് സ്റ്റേഷനിലെത്തിച്ചു.

അവിടെവച്ചു ജീപ്പിൽ നിന്നും ഇറങ്ങുന്നതിനിടെ പോലീസ് ജീപ്പിന്റെ ചില്ല് പ്രതികളിലൊരാൾ കൈ കൊണ്ടു ഇടിച്ചു തകർക്കുകയും ചെയ്തു. കൈയ്ക്ക് പരിക്കേറ്റ പ്രതിയെ ആദ്യം ശാന്തിവിള താലൂക്ക് ആശുപത്രിയിലെത്തിച്ചെങ്കിലും പ്രതി കൂടുതൽ ആക്രമാസ്കതനായതിനെ തുടർന്നു മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചു. അവിടെവച്ചും കൂട്ടിരിപ്പുകാരെയും രോഗികളെയും അസഭ്യം പറയുകയും അക്രമത്തിനു ശ്രമിക്കുകയും ചെയ്തതായി പോലീസ് പറഞ്ഞു.

പോലീസ് ഉദ്യോഗസ്ഥനെ മർദിച്ചതിനും പൊതുമുതൽ നശിപ്പിച്ചതിനുമാണു പ്രതികൾക്കെതിരെ കേസെടുത്തിട്ടുള്ളത്. പ്രതികളെ റിമാൻഡ് ചെയ്തു.

# ചരിത്രവിലയിൽ സ്വർണം; പവന് 66,000 രൂപ കടന്നു

കൊച്ചി: സംസ്ഥാനത്ത് രണ്ടുദിവസത്തെ കിതപ്പിനു ശേഷം കുതിച്ചുയർന്ന സ്വർണവില വീണ്ടും സർവകാല റിക്കാർഡിൽ. ഇന്ന് ഗ്രാമിന് 40 രൂപയും പവന് 320 രൂപയുമാണ് വർധിച്ചത്. ഇതോടെ സ്വർണവില ഗ്രാമിന് 8,250 രൂപയിലും പവന് 66,000 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 30 രൂപ ഉയർന്ന് 6,790 രൂപയിലെത്തി.

ഈമാസം 14നു കുറിച്ച ഗ്രാമിന് 8,230 രൂപ, പവന് 65,680 രൂപ എന്ന സർവകാല റിക്കാർഡാണ് ഇന്ന് ഭേദിക്കപ്പെട്ടത്. വെള്ളിയാഴ്ച 65,000 രൂപ പിന്നിട്ട ശേഷം ശനിയാഴ്ചയും തിങ്കളാഴ്ചയും പവന് 80 രൂപ വീതം കുറഞ്ഞിരുന്നു. ഇതിനു പിന്നാലെയാണ് ഇന്ന് വീണ്ടും കുതിച്ചുയർന്നത്. ഒരു പവൻ സ്വർണം ഏറ്റവും കുറഞ്ഞ പണിക്കൂലിയിൽ വാങ്ങണമെങ്കിൽ നിലവിൽ 71,500 രൂപയോളം നൽകേണ്ടിവരും.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

ഈമാസം ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും പിന്നിടുകയായിരുന്നു.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. ഔൺസിന് 3,004 ഡോളർ നിലവാരത്തിൽ നിന്ന് തിങ്കളാഴ്ച 2,982 ഡോളറിലേക്ക് താഴ്ന്ന രാജ്യാന്തര വില, ഇന്നു 3,014.24 ഡോളറിലേക്ക് കുതിച്ചുകയറി. രൂപയുടെ വിനിമയ നിരക്ക് 86.77 ആണ്.

വെടിനിർത്തൽ കരാർ ലംഘിച്ച് ഇസ്രയേൽ ഗാസ ആക്രമിച്ചതാണ് സ്വർണവില ഉയർന്നത്. പുതിയ സംഭവ വികാസങ്ങളോടെ സ്വർണവില കുറയാനുള്ള കാരണങ്ങൾ കാണുന്നില്ല. വില ഉയരാനുള്ള സാധ്യതകൾ ഏറെയാണെന്നാണ് വിപണി നൽകുന്ന സൂചന.

അതേസമയം, വെള്ളി വില ഗ്രാമിന് ഒരു രൂപ ഉയർന്ന് 111 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# പ്രൊപ്പോസൽ ക്ഷണിച്ചു

റൂസ സംസ്ഥാന പദ്ധതി കാര്യാലയത്തിനു കീഴിൽ നടപ്പിലാക്കുന്ന വയനാട് മോഡൽ ഡിഗ്രി കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ പ്രാഥമിക ഡോക്യുമെന്റേഷൻ നടപടികൾ നിർവഹിക്കുന്നതിനായി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പിഎംസി മാതൃകയിൽ പ്രോപ്പോസലുകൾ ക്ഷണിച്ചു.

മോഡൽ ഡിഗ്രി കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട ഡിപിആർ, ബിൽഡിങ് പ്ലാൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവയുൾപ്പെടെയുള്ള രേഖകൾ തയ്യാറാക്കുന്ന ജോലികൾക്കായാണ് പ്രോപ്പോസൽ ക്ഷണിച്ചത്.

വിശദാംശങ്ങൾ അടങ്ങിയ ഡോക്യുമെന്റ് മാർച്ച് 24 ന് വൈകിട്ട് 5 മണി വരെ സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, റൂസ സംസ്ഥാന കാര്യാലയം, ഗവ. സംസ്കൃത കോളേജ് ക്യാമ്പസ്, കേരള യൂണിവേഴ്സിറ്റി പി.ഒ, പാളയം, തിരുവനന്തപുരം 69034 എന്ന വിലാസത്തിൽ നേരിട്ട് ലഭിക്കും. പൂരിപ്പിച്ച പ്രോപ്പോസലുകൾ ഏപ്രിൽ 10 ന് വൈകിട്ട് 5 മണി വരെ സ്വീകരിക്കും. ഫോൺ: 0471-2303036, ലാമശഹ: keralarusa@gmail.com.

# സിനിമയിലെ വയലൻസ് സമൂഹത്തെ സ്വാധീനിക്കുന്നു: ഹൈക്കോടതി

കൊച്ചി: സിനിമയിലെ വയലൻസ് സമൂഹത്തെ സ്വാധീനിക്കുന്നെന്ന് ഹൈക്കോടതി. സിനിമയിലെ വയലൻസ് നിയന്ത്രിക്കാൻ ഇടപെടുന്നതിൽ ഭരണകൂടത്തിന് പരിമിതിയുണ്ടെന്നും കോടതി പറഞ്ഞു.ഹേമ കമ്മിറ്റിയുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കവെയാണ് കോടതിയുടെ നിരീക്ഷണം. വനിതാ കമ്മീഷൻറെ അഭിഭാഷകയാണ് വിഷയം ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്.സിനിമകൾ വയലൻസിനെ മഹത്വവൽക്കരിക്കുന്നത് സമൂഹത്തെ ബാധിക്കും. അത്തരം സിനിമകൾ ചെയ്യുന്നവരാണ് അതേക്കുറിച്ച് ആലോചിക്കേണ്ടത്. ഇതിനെ പലപ്പോഴും ആവിഷ്കാര സ്വാതന്ത്ര്യം എന്ന തലത്തിലേക്ക് വ്യാഖ്യാനം ചെയ്യുന്നുണ്ടെന്നും കോടതി നിരീക്ഷിച്ചു.അതേസമയം ഹേമ കമ്മിറ്റിയുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കുന്നത് ഏപ്രിൽ നാലിലേക്ക് മാറ്റി.

# ഡിപ്ലോമ പുനർമൂല്യ നിർണയ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

എഞ്ചിനീയറിംഗ്, ടെക്നോളജി, കൊമേഴ്സ്യൽ പ്രാക്ടീസ് ഡിപ്ലോമ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയ ഫലങ്ങൾ പ്രസിദ്ധീകരിച്ചു. നവംബർ 2024 - റിവിഷൻ 2015 - സെമസ്റ്റർ 1 മുതൽ 6 വരെ (സപ്ലിമെന്ററി), റിവിഷൻ 2019 (പി) - സെമസ്റ്റർ 1 മുതൽ 7 വരെ (സപ്ലിമെന്ററി) & റിവിഷൻ 2021 - സെമസ്റ്റർ 1, 3 & 5 (റഗുലർ & സപ്ലിമെന്ററി) സെമസ്റ്റർ 6 (സപ്ലിമെന്ററി) ഫലങ്ങളാണ് പ്രസിദ്ധീകരിച്ചത്. ംംം.യെലേ.സല്യമഹമ.ഴീ.ശി എന്ന വെബ് പോർട്ടലിൽ ഫലങ്ങൾ ലഭ്യമാണ്. പരീക്ഷാ ഫീസ് അടക്കാത്ത ഉദ്യോഗാർത്ഥികൾ ലോഗിൻ വഴി കുടിശ്ശിക അടച്ചാൽ ഫലം പ്രസിദ്ധീകരിക്കും. പരാതികൾ മാർച്ച് 24 ന് മുൻപ് ബന്ധപ്പെട്ട സ്ഥാപന മേധാവിയെ അറിയിക്കേണ്ടതാണെന്ന് കൺട്രോളർ ഓഫ് ടെക്നിക്കൽ എക്സാമിനേഷൻ അറിയിച്ചു.

# തിരുവനന്തപുരം കളക്ടറേറ്റിൽ തേനീച്ച ആക്രമണം; സബ് കളക്ടറിനു പരിക്ക്

തിരുവനന്തപുരം: കളക്ടറേറ്റിലെ ബോംബ് ഭീഷണിയെക്കുറിച്ച് അന്വേഷിക്കാനെത്തിയ ഉദ്യോഗസ്ഥർക്ക് നേരെ തേനീച്ചയുടെ ആക്രമണം.

പരിശോധന നടക്കുന്നതിനിടെ കളക്ടറേറ്റ് വളപ്പിലുണ്ടായിരുന്ന തേനീച്ചക്കൂട് ഇളകുകയായിരുന്നു.

തേനീച്ചയുടെ ആക്രമണത്തിൽ സബ് കളക്ടർ ഒ.വി. ആൽഫ്രഡ് ഉൾപ്പടെയുള്ളവർക്കും വാർത്ത റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകർക്കും പരിക്കേറ്റു. തേനീച്ചയുടെ കുത്തേറ്റ നിരവധിപേർ ആശുപത്രിയിൽ ചികിത്സ തേടി.

ബോംബ് സ്ക്വാഡ് കെട്ടിടത്തിന് പുറത്ത് പരിശോധന നടത്തുന്നതിനിടെയാണ് തേനീച്ചയുടെ ആക്രമണം ഉണ്ടായത്. കെട്ടിടത്തിൽ ഉണ്ടായിരുന്നവരെയെല്ലാം സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയിട്ടുണ്ടെന്ന് പോലീസ് അറിയിച്ചു.

കളക്ടറേറ്റ് പരിസരത്ത് നിരവധി തേനീച്ചക്കൂടുകൾ ഉണ്ടെന്നും അടിയന്തരമായി ഇവ നീക്കം ചെയ്യണമെന്ന് ജീവനക്കാർ ആവശ്യപ്പെട്ടു.

# അപ്രന്റിസ് ട്രെയിനി

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിൽ പെയ്ഡ് അപ്രന്റിസ് ട്രെയിനികളുടെ ഒഴിവുള്ള സീറ്റുകളിലേക്ക് സി-ആപ്റ്റ്, പോളിടെക്നിക്, വി.എച്ച്.എസ്.ഇ, ടെക്നിക്കൽ സ്കൂൾ എന്നിവിടങ്ങളിൽ നിന്നും. കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകൾ പാസായിട്ടുള്ള വിദ്യാർഥികൾക്ക് ഒരു വർഷക്കാല ദൈർഘ്യമുള്ള അപ്രന്റിസ് ട്രെയിനിയായി പരിഗണിക്കപ്പെടുന്നതിന് അപേക്ഷിക്കാം. അപേക്ഷകർ വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 (ഫോൺ 0471 2474720, 0471 2467728) വിലാസത്തിൽ മാർച്ച് 25 വൈകുന്നേരം 5 മണിക്ക് മുമ്പായി അപേക്ഷ സമർപ്പിക്കണം. വെബ്സൈറ്റ് : www.captkerala.com.

# ആർസിസിയിൽ ഒഴിവ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു.

മാർച്ച് 28 വൈകിട്ട് 3 നകം അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് : www.rcctvm.gov.in.

# കടയ്ക്കൽ ദേവീ ക്ഷേത്രത്തിലെ വിവാദ സംഭവം: ക്ഷേത്രോപദേശക സമിതിക്ക് വീഴ്ച

കടയ്ക്കൽ: ദേവീ ക്ഷേത്രത്തിൽ ഉത്സവ ഭാഗമായി ഗാനമേളക്കിടെ വിപ്ലവ ഗാനം ആലപിക്കുകയും പിന്നിലെ സ്ക്രീനിൽ സിപിഎം ഡിവൈഎഫ്ഐ കൊടികളുടെ ദൃശ്യങ്ങൾ പ്രദർശിപ്പിച്ചതുമായ സംഭവത്തിൽ ക്ഷേത്രോപദേശക സമിതിക്ക് വീഴ്ച ഉണ്ടായിട്ടുണ്ടെന്നു തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി. എസ്. പ്രശാന്ത്.

വിജിലൻസ് എസ്പിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ നടപടി സ്വീകരിക്കുമെന്നു പ്രശാന്ത് പറഞ്ഞു. ഒരു രാഷ്ട്രീയ പാർട്ടിയുടെയും നിറമോ കൊടിയോ ഒന്നും ദേവസ്വങ്ങളിൽ പാടില്ലെന്നു കോടതി ഉത്തരവുണ്ടെന്ന കാര്യവും ദേവസ്വം ബോർഡ് പ്രസിഡൻറ് ഓർമപ്പെടുത്തുന്നുണ്ട്.

സംഭവത്തിൽ വിജിലൻസ് എസ്പിയുടെ നേതൃത്വത്തിൽ അന്വേഷണം തുടങ്ങി. വിജിലൻസ് നടത്തുന്ന അന്വേഷണ ഭാഗമായി ക്ഷേത്രോപദേശക സമിതിയോടു വിശദീകരണം തേടിയിട്ടുണ്ട്.

ക്ഷേത്രത്തിൽ ഉത്സവ പരിപാടിയായി ഗാനമേള അവതരിപ്പിക്കവേ വിപ്ലവ ഗാനം ആലപിക്കുകയും രാഷ്ട്രീയ പാർട്ടിയുടെ കൊടിയും ചിഹ്നവും പ്രദർശിപ്പിച്ച നടപടി അംഗീകരിക്കാനാകില്ലെന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ്പി. എസ്. പ്രശാന്ത് പറഞ്ഞിരിക്കുന്നത്.

ഹൈക്കോടതിയുടെ ഉത്തരവ് ലംഘിച്ചതായി കണ്ടെത്തുന്ന പക്ഷം നടപടി സ്വീകരിക്കുമെന്ന് പി. എസ്. പ്രശാന്ത് പറഞ്ഞു. ഇക്കഴിഞ്ഞ പത്തിന് ഗായകൻ അലോഷിയുടെ ഗാനമേളയിലായിരുന്നു സംഭവം. 'പുഷ്പനെ അറിയാമോ', എന്നത് ഉൾപ്പടെയുള്ള വിപ്ലവ ഗാനങ്ങൾ ആലപിക്കവേ വേദിയിലെ എൽഇഡി സ്ക്രീനിൽ സിപിഎം ഡിവൈഎഫ്ഐ കൊടികളും ചിഹ്നവും പ്രദർശിപ്പിച്ച സംഭവമാണ് വിവാദങ്ങൾക്ക് ഇടയാക്കിയത്.

സിപി എമ്മിന്റെ നിയന്ത്രണത്തിലുള്ള വ്യാപാരി വ്യവസായി സമിതി കടയ്ക്കൽ, മടത്തറ യൂണിറ്റുകളും,സി പി എം കടയ്ക്കൽ ഏരിയ കമ്മിറ്റിയും ചേർന്നാണ് ഗാനമേള സംഘടിപ്പിച്ചത്. സദസിന്റെ മുൻ നിരയിൽ ഇരുന്ന ചിലർ ആവശ്യപ്പെട്ടതിനാലാണ് വിപ്ലവ ഗാനം ആലപിച്ചതെന്നാണ് ക്ഷേത്രോപദേശക സമിതിയും ഉത്സവ കമ്മിറ്റി ഭാരവാഹികളും ഇപ്പോൾ അവകാശപ്പെടുന്നത്. സിപിഎം നേതാക്കളും പ്രവർത്തകരും ആയിരുന്നു സദസിന്റെ മുൻനിരയിൽ ഉണ്ടായിരുന്നത്. സിപിഎം ജില്ലാ ഏരിയ ലോക്കൽ നേതാക്കളും ഉണ്ടായിരുന്നു. ക്ഷേത്രോപദേശക സമിതിയിലും ഉത്സവ കമ്മിറ്റിയിലും ഭാരവാഹികളിൽ ഭൂരിഭാഗവും സിപിഎം, ഡിവൈഎഫ്ഐ പ്രാദേശിക നേതാക്കളും പ്രവർത്തകരുമാണ്.

ഓരോ കരക്കാരും വ്യക്തികളും സംഘടനകളുമാണ് പരിപാടികൾ സ്പോൺസർ ചെയ്തതെന്നും അതിൽ ഇടപെടാൻ കഴിയില്ലെന്നുമാണ് ഇരു കമ്മിറ്റികളും പറഞ്ഞിട്ടുള്ളത്. അലോഷി മടങ്ങും മുൻപ് മൊമൻറോനൽകി സിപിഎം ജില്ലാ സെക്രട്ടേറിയറ്റ് അംഗം എസ്. വിക്രമനായിരുന്നു ആദരിക്കുന്നത്. അതേസമയം, നിലവിലുള്ള ക്ഷേത്രോപദേശക സമിതിയുടെ കാലാവധി കഴിഞ്ഞിട്ടും ജൂലൈ 19 വരെ തിരുവിതാംകൂർ ദേവസ്വം ബോർഡ് നീട്ടി നൽകിയെന്ന വിവരങ്ങളും ഇതിനകം പുറത്ത് വന്നിട്ടുണ്ട്. ക്ഷേത്രത്തിൽ നടക്കുന്ന പുനരുദ്ധാരണ പ്രവർത്തനം പൂർത്തിയാക്കും വരെ നീട്ടി നൽകണമെന്ന ക്ഷേത്രോപദേശക സമിതിയുടെ ആവശ്യം പരിഗണിച്ചാണ് കാലാവധി നീട്ടി നൽകിയതെന്നാണ് ഇതിനു ബോർഡ് നൽകുന്ന വിശദീകരണം.

# ക്വട്ടേഷൻ ക്ഷണിച്ചു

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലേക്ക് ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും എത്തിക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു. മാർച്ച് 26 വൈകുന്നേരം 3 മണിവരെ ക്വട്ടേഷൻ സ്വീകരിക്കും. വിശദവിവരങ്ങൾക്ക് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നേരിട്ട് അന്വേഷിക്കണം.

# തദ്ദേശസ്ഥാപനതല ശുചിത്വപ്രഖ്യാപനങ്ങൾ മാർച്ച് 30ന്; 22നും 23നും വിപുലമായ പൊതുവിട ശുചീകരണം

സംസ്ഥാന സർക്കാരിന്റെ അഭിമാന പരിപാടികളിലൊന്നായ മാലിന്യമുക്ത നവകേരളത്തിന്റെ തദേശസ്ഥാപനതല പ്രഖ്യാപനങ്ങൾ മാർച്ച് 30 ന് നടക്കും. ഇതിന് മുന്നോടിയായി, പൊതുവിടങ്ങളിൽ അവശേഷിക്കുന്ന മാലിന്യം നീക്കുന്നതിന് 22, 23 തീയതികളിൽ തദ്ദേശസ്ഥാപന തലത്തിൽ വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തും. മാർച്ച് 17 മുതൽ ഏപ്രിൽ 5 വരെ ഗ്രാമപഞ്ചായത്ത് തലം മുതൽ ജില്ലാ തലം വരെ ഇതിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളടങ്ങിയ ഉത്തരവും തദ്ദേശസ്വയംഭരണ വകുപ്പ് പുറത്തിറക്കി. തദ്ദേശതല പ്രഖ്യാപനത്തിനു മുൻപ് അതത് വാർഡുപ്രഖ്യാപനങ്ങളും നടത്താൻ നിർദേശിച്ചിട്ടുണ്ട്.മാലിന്യമുക്ത നവകേരളം പ്രഖ്യാപനത്തിന് മുന്നോടിയായാണ് തദ്ദേശസ്വയംഭരണ സ്ഥാപനതല പ്രഖ്യാപനം സംസ്ഥാനത്ത് ആകെ ഒറ്റ ദിവസമായി നടക്കുക. ശുചിത്വ പ്രഖ്യാപനത്തിന്റെ സ്മാരകമായി ഒരു സ്ഥലം കണ്ടെത്തി വൃത്തിയാക്കി അവിടെ 'വേസ്റ്റ് ടു ആർട്' വിഷയമാക്കി ഇൻസ്റ്റലേഷനുകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജനപ്രതിനിധികൾ, വിദ്യാർഥികൾ, ഹരിതകർമസേന, എൻ.എസ്.എസ്, എസ്.പി.സി, സ്കൗട് ആൻഡ് ഗൈഡ്സ്, റെസിഡന്റ്സ് അസോസിയേഷനുകൾ, ജനകീയ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പരിപാടികൾ നടത്തുന്നത്.വാർഡുതലത്തിൽ ഹരിതകർമസേനാംഗങ്ങളുടേയും മറ്റും സഹകരണത്തോടെ ഏതാനും വർഷങ്ങളായി നടത്തിവരുന്ന പ്രവർത്തനത്തിലൂടെ മാലിന്യത്തിൽനിന്ന് വലിയതോതിൽ മോചനം നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ഏറെക്കാലമായി മാലിന്യം കൂടിക്കിടന്ന് പ്രശ്നമുണ്ടാക്കിയിരുന്ന ബ്രഹ്മപുരം ഉൾപ്പെടെ വൃത്തിയാക്കിക്കഴിഞ്ഞു. തദ്ദേശതലത്തിൽ നിലവിലുള്ള മാലിന്യക്കൂനകൾകൂടി നിർമാർജ്ജനം ചെയ്യുകയും തുടർന്ന് ഉണ്ടാകാതെ നോക്കുകയും ചെയ്യുന്നതിനുള്ള ബൃഹത്തായ കർമപദ്ധതിക്കാണ് സർക്കാർ രൂപംകൊടുത്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരത്ത് 'വൃത്തി-2025' എന്ന മെഗാ ഇവന്റ് സംഘടിപ്പിക്കുന്നുണ്ട്.

പരിപാടികൾക്ക് മുന്നോടിയായി വാർഡുതല ശുചിത്വ പ്രഖ്യാപന സദസ്സുകൾക്ക് 17ന് തുടക്കമായി. 22 വരെ വാർഡുകളിലെ വീടുകളിൽ നിന്നുള്ളവരെ ഉൾപ്പെടെ പങ്കെടുപ്പിച്ച് ശുചിത്വ പ്രഖ്യാപന സദസ്സുകൾ നടത്തും. മാർച്ച് 30ന് ഉച്ചകഴിഞ്ഞ് മൂന്നു മുതൽ ആറുവരെയാണ് തദ്ദേശ സ്ഥാപനതല ശുചിത്വപ്രഖ്യാപനം. ശുചിത്വ സന്ദേശ ജാഥയോടെ പരിപാടി ആരംഭിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലെ മികച്ച വീട്, വാർഡ്, സ്ഥാപനം, റെസിഡന്റ്സ് അസോസിയേഷൻ, ജനകീയ സംഘടന, ഹരിത വായനശാല, ഹരിത പൊതു ഇടം, ഹരിത അയൽക്കൂട്ടം, ഹരിത ടൗൺ, ഹരിത വിദ്യാലയങ്ങൾ തുടങ്ങിയവയ്ക്ക് പുരസ്കാരങ്ങൾ നൽകും. ബ്ലോക്ക് തലത്തിൽ ഏപ്രിൽ മൂന്നിനാണ് സമാനമായ രീതിയിൽ പരിപാടികൾ സംഘടിപ്പിക്കുക.

ഏപ്രിൽ അഞ്ചിന് ജില്ലാതലത്തിൽ ഒരുദിവസം നീണ്ടുനിൽക്കുന്ന പരിപാടികൾ നടത്തും. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കൊപ്പം തദ്ദേശീയതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട, മികച്ച പ്രവർത്തനം കാഴ്ചവച്ചവരും വിവിധ ഏജൻസികളിലെ ജില്ലാ-ബ്ലോക്ക്തല ഉദ്യോഗസ്ഥരും വിവിധ വകുപ്പുകളുടെ പ്രതിനിധികളുമാണ് ഇതിൽ പങ്കെടുക്കുക. ജില്ലാതലത്തിലും ഒരു സ്ഥലം കണ്ടെത്തി ശുചിത്വപ്രഖ്യാപനത്തിന്റെ സ്മാരകമായി ഒരു ഇൻസ്റ്റലേഷൻ സ്ഥാപിക്കും.

തദ്ദേശ ഭരണവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ, ക്ലീൻ കേരള കമ്പനി, കേരള ഖരമാലിന്യ കൈകാര്യ പദ്ധതി എന്നിവയുടെ ആഭിമുഖ്യത്തിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. വാർഡ്തലത്തിലുൾപ്പെടെ നിലവിലെ സ്ഥിതിവിവര റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും ഇതുസംബന്ധിച്ച ഉത്തരവുപ്രകാരം ഗ്രാമ- ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

# ദണ്ഡിയാത്ര പോലെ ചരിത്രത്തിലെ നാഴികക്കല്ല്, രാജ്യത്തിൻറെ ഐക്യമായി കുംഭമേള മാറി: ലോക്സഭയിൽ പ്രധാനമന്ത്രി

ന്യൂഡൽഹി: മഹാകുംഭമേളയെ പ്രകീർത്തിച്ച് ലോക്സഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രസംഗം. കുംഭമേള ലോകത്തെ ഒന്നിപ്പിച്ചുവെന്നും രാജ്യത്തിൻറെ ആത്മാവ് വീണ്ടെടുത്തെന്നും മോദി പറഞ്ഞു. കുംഭമേളയ്ക്ക് വേണ്ടി പരിശ്രമിച്ച എല്ലാവർക്കും മുന്നിൽ താൻ വണങ്ങുന്നുവെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു.

മഹാ കുംഭമേളയുടെ രൂപത്തിൽ ഇന്ത്യയുടെ മഹത്വം ലോകം മുഴുവൻ കണ്ടു. പുതിയ നേട്ടങ്ങൾക്ക് പ്രചോദനമാകുന്ന ഒരു ദേശീയ ഉണർവ് കുംഭമേളയിൽ കണ്ടു. നമ്മുടെ ശക്തിയെയും കഴിവുകളെയും സംശയിക്കുന്നവർക്ക് ഉചിതമായ മറുപടി കൂടിയായിരുന്നു ഇത്. വരും തലമുറയ്ക്ക് ഉദാഹരണമായി മാറുന്ന മേളയാണിതെന്നും പ്രധാനമന്ത്രി പറഞ്ഞു.

നാനാത്വത്തിലെ ഏകത്വത്തിൻറെ പ്രദർശനമായിരുന്നു മഹാകുംഭമേള. അത് രാജ്യത്തിൻറെ പ്രത്യേകതയാണ്. മഹാകുംഭമേളയിൽ എല്ലാ വ്യത്യാസങ്ങളും മാഞ്ഞുപോയി. ഇതാണ് രാജ്യത്തിൻറെ മഹത്തായ ശക്തി, ഏകത്വത്തിൻറെ ആത്മാവ് നമ്മളിൽ ആഴത്തിൽ വേരൂന്നിയതാണ് എന്ന് വ്യക്തമായി.

ഗാന്ധിജിയുടെ ദണ്ഡിയാത്ര പോലെ ചരിത്രത്തിലെ നാഴികക്കല്ലാണിത്. പല സ്ഥലങ്ങളിൽ നിന്നു വന്നവർ ഒറ്റ മനസോടെ സംഗമിച്ചു. രാജ്യത്തിൻറെ ഐക്യമായി കുംഭമേള മാറി. മഹാ കുംഭമേളയുടെ വിജയകരമായ സംഘാടനത്തിന് എല്ലാവർക്കും നന്ദി പറയുന്നു. ഉത്തർപ്രദേശ്, പ്രയാഗ്രാജ് എന്നിവിടങ്ങളിലെ ജനങ്ങൾക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

രാജ്യത്തെ പുതിയ തലമുറ മഹാകുംഭമേളയുമായി യോജിക്കപ്പെട്ടു, പാരമ്പര്യത്തെയും വിശ്വാസത്തെയും അഭിമാനത്തോടെ സ്വീകരിച്ചു. വളരുന്ന ഇന്ത്യയുടെ ആത്മപ്രകാശനമായി പ്രയാഗ്രാജ് മഹാകുംഭമേള മാറി. ഇന്ത്യയുടെ ഐക്യത്തിൻറെ ശക്തി അതിനെ ശല്യപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളെയും തകർക്കുന്നതാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

അതേസമയം, കുംഭമേളയ്ക്കിടെ നിരവധിപേർ മരിച്ച കാര്യം പ്രധാനമന്ത്രി മറച്ചുവെച്ചുവെന്നു പ്രതിപക്ഷം കുറ്റപ്പെടുത്തി. പ്രധാനമന്ത്രിയുടെ പ്രസ്താവനയിൽ പ്രതികരിക്കാൻ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിക്ക് അവസരം നൽകിയതുമില്ല. തുടർന്ന് പ്രതിപക്ഷ പ്രതിഷേധത്തെത്തുടർന്ന് ലോക്സഭ ഉച്ചവരെ നിർത്തിവയ്ക്കുകയായിരുന്നു.

# വെടിനിർത്തൽ ചർച്ച സ്തംഭിച്ചു; ഗാസയിൽ വീണ്ടും കനത്ത വ്യോമാക്രമണം, 300 മരണം

ഗാസ: രണ്ടു മാസത്തെ ഇടവേളയ്ക്കു ശേഷം ഗാസയിൽ വ്യോമാക്രമണം പുനരാരംഭിച്ച് ഇസ്രയേൽ. കനത്ത ബോംബാക്രമണത്തിൽ 300 പേർ കൊല്ലപ്പെട്ടു.

600ലേറെ പേർക്ക് പരിക്കേല്ക്കുകയും ചെയ്തതായി ഗാസയിലെ സിവിൽ ഡിഫൻസ് ഏജൻസി അറിയിച്ചു. കൊല്ലപ്പെട്ടവരിൽ നിരവധി സ്ത്രീകളും കുട്ടികളുമുണ്ട്.

വെടിനിർത്തൽ ചർച്ചകൾ സ്തംഭിച്ചതോടെ, ഇന്ന് ഇസ്രയേൽ സൈന്യം ഗാസയിലെ ഹമാസ് കേന്ദ്രങ്ങളിൽ വിപുലമായ ആക്രമണം നടത്തുകയായിരുന്നു. വെടിനിർത്തൽ ആരംഭിച്ചതിന് ശേഷമുള്ള ഏറ്റവും വലിയ ആക്രമണമാണിതെന്നാണ് റിപ്പോർട്ടുകൾ.

ഹമാസിൻറെ താവളങ്ങളിൽ ആണ് ആക്രമണമെന്നാണ് ഇസ്രയേൽ പറയുന്നത്. ബന്ദികളെ മോചിപ്പിക്കാനുള്ള നിർദേശം അവഗണിച്ചതും വെടിനിർത്തൽ നീട്ടാനുള്ള യുഎസ് നിർദേശം ഹമാസ് നിരസിച്ചതിനെയും തുടർന്നാണ് ഗാസയിൽ ഇസ്രയേൽ വ്യോമാക്രമണം പുനരാരംഭിച്ചതെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിൻറെ ഓഫിസ് അറിയിച്ചു.

ഗാസ സിറ്റി, മധ്യ ഗാസയിലെ ദെയ്ർ അൽ-ബലായ്, ഖാൻ യൂനിസ്, റഫ എന്നിവിടങ്ങളിലാണ് രാത്രിയോടെ വ്യോമാക്രമണം നടന്നത്. ഇതിനു പുറമേ, തെക്കൻ ലെബനനിലും സിറിയയിലും ഇസ്രയേൽ വ്യോമാക്രമണങ്ങൾ നടത്തി.

# ജർമ്മൻ ഭാഷാ പഠനത്തിന് രജിസ്റ്റർ ചെയ്യാം

കേരള സംസ്ഥാന സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി മോഡൽ ഫിനിഷിങ് സ്കൂളിൽ ഏപ്രിൽ 2 -ാം തീയതി ആരംഭിക്കുന്ന എ1 ലെവൽ ജർമൻ ഭാഷ പരിശീലനത്തിന് രജിസ്റ്റർ ചെയ്യാം. 40 പേർ അടങ്ങുന്ന പ്രഭാത, സായാഹ്ന, ഓൺലൈൻ ബാച്ചുകളിലാണ് ക്ലാസുകൾ. കോഴ്സ് ദൈർഘ്യം 60 മണിക്കൂർ (മൂന്ന് മാസം). താൽപര്യമുള്ളവർക്ക് ഐ.എച്ച്.ആർ.ഡി മോഡൽ ഫിനിഷിങ് സ്കൂൾ, സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം ക്യാമ്പസ്, പി എം ജി ജംഗ്ഷൻ, തിരുവനന്തപുരത്ത് നേരിട്ടെത്തി രജിസ്റ്റർ ചെയ്യുകയോ അല്ലെങ്കിൽ ഓൺലൈൻ രജിസ്റ്റർ ചെയ്യുകയോ ആകാം. കൂടുതൽ വിവരങ്ങൾക്ക് 8547005050, 8921628553, 9496153141. വെബ്സൈറ്റ് : www.modelfinishingschool.org.

# നാഗ്പുരിൽ സംഘർഷം; വാഹനങ്ങൾ കത്തിച്ചു; നഗരത്തിൽ കർഫ്യൂ

മുംബൈ: മുൻ മുഗൾ ചക്രവർത്തി ഔറംഗസേബിൻറെ ശവകുടീരം നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഹിന്ദു സംഘടനകൾ നാഗ്പുരിൽ പ്രകടനം നടത്തിയതിനു പിന്നാലെ സംഘർഷം പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് നഗരത്തിൽ നിരോധനാജ്ഞ ഏർപ്പെടുത്തി പോലീസ്. സംഘർഷബാധിത മേഖലകളും നഗരവും കനത്ത പോലീസ് കാവലിലാണ്.

ഇന്നലെ വൈകുന്നേരം 7.30 ഓടെ നാഗ്പൂർ മഹലിലെ ചിറ്റ്നിസ് പാർക്ക് പ്രദേശത്താണ് അക്രമസംഭവങ്ങൾ അരങ്ങേറിയത്.

പഴയ ഭണ്ഡാര റോഡിനു സമീപമുള്ള ഹൻസപുരി പ്രദേശത്ത് രാത്രി 10:30 നും 11.30 നും ഇടയിൽ മറ്റൊരു സംഘർഷം പൊട്ടിപ്പുറപ്പെട്ടു.അക്രമാസക്തരായ ജനക്കൂട്ടം നിരവധി വാഹനങ്ങൾ കത്തിക്കുകയും പ്രദേശത്തെ വീടുകളും ഒരു ക്ലിനിക്കും നശിപ്പിക്കുകയും ചെയ്തു.

15 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ 20 ലേറെ പേർക്കു പരിക്കേറ്റു. 25ലേറെ ബൈക്കുകളും മൂന്നു കാറുകളും കത്തിച്ചു.

സംഭവത്തിൽ 65 കലാപകാരികളെ കസ്റ്റഡിയിലെടുത്തു. സ്ഥിതിഗതികൾ ഇപ്പോൾ നിയന്ത്രണ വിധേയമായെന്നാണു വിവരം.

മഹാരാഷ്ട്രയിലെ ഛത്രപതി സംഭാജിനഗർ ജില്ലയിലെ ഔറംഗസേബിൻറെ ശവകുടീരം പൊളിക്കണമെന്നും അല്ലെങ്കിൽ ബാബറി മസ്ജിദിൻറെ സ്ഥിതി ആവർത്തിക്കുമെന്നുമാണ് സംഘപരിവാർ സംഘടനകളായ വിശ്വഹിന്ദു പരിഷത്തും ബജ്റംഗ് ദളും ഭീഷണി മുഴക്കിയത്.

സംസ്ഥാന വ്യാപക പ്രതിഷേധം സംഘടിപ്പിക്കുമെന്നും സംഘടനകൾ അറിയിച്ചിരുന്നു.പ്രതിഷേധത്തിൻറെ പശ്ചാത്തലത്തിൽ ശവകുടീര പരിസരത്ത് വൻ പോലീസ് സന്നാഹത്തെ വിന്യസിച്ച്സുരക്ഷ ശക്തമാക്കിയിരുന്നു. ഇതിനിടെയാണ് സംഘർഷം ഉടലെടുത്തത്.

മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി തുടങ്ങിയവർ സംയമനം പാലിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടിയുണ്ടാകുമെന്നാണ് ഇരുവരും വ്യക്തമാക്കിയത്.

# മന്ത്രവാദം നടത്തിയെന്ന് ആരോപണം: സ്ത്രീയെ കൊന്ന് മൃതദേഹം കുഴിച്ചിട്ടു; പ്രതി പിടിയിൽ

റാഞ്ചി: ജാർഖണ്ഡിലെ ഗുംലയിൽ മന്ത്രവാദം നടത്തിയെന്ന് ആരോപിച്ച് 50 വയസുള്ള ഒരു സ്ത്രീയെ കൊലപ്പെടുത്തി. ഖത്വ നദിയുടെ തീരത്ത് മണലിൽ കുഴിച്ചിട്ട നിലയിൽ ഇവരുടെ മൃതദേഹം കണ്ടെത്തി.

തിങ്കളാഴ്ച പോലീസ് മൃതദേഹം കണ്ടെടുക്കുകയും മുഖ്യപ്രതിയായ കർമ്പാൽ ലക്രയെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇയാൾ കുറ്റം സമ്മതിച്ചു.ഗുംലയിലെ ഫാട്ടി ബാഗിച്ച ടോളി സ്വദേശിനിയാണ് കൊല്ലപ്പെട്ടത്. ഇവരെ നാല് ദിവസമായി കാണാനില്ലായിരുന്നു. തുടർന്ന് ഇവരുടെ മകൻ ഗുംല സദർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു.

പരാതിയുടെ അടിസ്ഥാനത്തിൽ, ഗുംല ജില്ലാ പോലീസ് സൂപ്രണ്ടിൻറെ നിർദ്ദേശപ്രകാരം പോലീസ് ഡോഗ് സ്ക്വാഡിനെ ഉപയോഗിച്ച് അന്വേഷണം ആരംഭിച്ചു. തിരച്ചിലിനിടെ, ഖത്വ നദിക്ക് സമീപം കാണാതായ സ്ത്രീയുടേതെന്ന് കരുതുന്ന ഒരു സ്ലിപ്പറും ഒരു ടവ്വലും കണ്ടെത്തി.ഈ സൂചനകളുടെയും പ്രാദേശിക അന്വേഷണങ്ങളുടെയും അടിസ്ഥാനത്തിൽ, കൊല്ലപ്പെട്ട സ്ത്രീയുടെ അയൽക്കാരനായ ലക്രയെ ചോദ്യം ചെയ്യുന്നതിനായി പോലീസ് കസ്റ്റഡിയിലെടുത്തു.

ചോദ്യം ചെയ്യലിൽ ലക്ര കുറ്റം സമ്മതിച്ചു, സ്ത്രീയെ കൊന്ന് നദീതീരത്തിനടുത്തുള്ള മണലിൽ കുഴിച്ചിട്ടെന്ന് ഇയാൾ വെളിപ്പെടുത്തി. തുടർന്ന് പോലീസ് മൃതദേഹം പുറത്തെടുത്ത് പോസ്റ്റ്മോർട്ടത്തിന് അയച്ചു.

# കനത്ത ചൂട്; പാക് വംശജനായ ക്രിക്കറ്റർ മത്സരത്തിനിടെ കുഴഞ്ഞുവീണു മരിച്ചു

അഡ്ലെയ്ഡ്: ഓസ്ട്രേലിയയിൽ കടുത്ത ചൂടിനെത്തുടർന്ന് പാക് വംശജനായ ക്രിക്കറ്റർ മത്സരത്തിനിടെ കുഴഞ്ഞുവീണ് മരിച്ചു. അഡ്ലെയ്ഡിലെ കോൺകോർഡിയ കോളജിൽ പ്രാദേശിക സമയം വൈകുന്നേരം നാലോടെയാണ് സംഭവം. ജുനൈദ് സഫർ ഖാൻ ആണ് മരിച്ചത്.പ്രിൻസ് ആൽഫ്രഡ് ഓൾഡ് കോളജിയൻസും ഓൾഡ് കോൺകോർഡിയൻസും തമ്മിലുള്ള മത്സരത്തിൽ ജുനൈദ് 40 ഓവർ ഫീൽഡ് ചെയ്യുകയും ഏഴ് ഓവർ ബാറ്റു ചെയ്യുകയും ചെയ്തിരുന്നു. ഇതിനിടെയാണ് താരം പിച്ചിൽ കുഴഞ്ഞുവീണത്. 41.7 ഡിഗ്രി സെൽഷ്യസ് ആയിരുന്നു പ്രദേശത്തെ താപനില.2013-ൽ പാക്കിസ്ഥാനിൽ നിന്നു കുടിയേറിയ ജുനൈദ്, ഓസ്ട്രേലിയയിൽ ഐടി രംഗത്ത് ജോലിചെയ്തുവരികയായിരുന്നു.

# രണ്ടാം ട്വൻറി20യിലും പാക്കിസ്ഥാന് തോൽവി; കിവീസ് ജയം ആറുവിക്കറ്റിന്

ഡ്യുനെഡിൻ: പാക്കിസ്ഥാനെതിരായ രണ്ടാം ട്വൻറി20യിൽ ന്യൂസിലൻഡിന് ജയം. ഡ്യുനെഡിൻ യൂണിവേഴ്സിറ്റി ഓവലിൽ മഴയെ തുടർന്ന് 15 ഓവറാക്കി ചുരുക്കിയ മത്സരത്തിൽ ആറുവിക്കറ്റിനായിരുന്നു ആതിഥേയരുടെ ജയം. ആദ്യം ബാറ്റ് ചെയ്ത പാക്കിസ്ഥാൻ ഉയർത്തിയ 136 റൺസ് വിജയലക്ഷ്യം 13.1 ഓവറിൽ നാല് വിക്കറ്റ് മാത്രം നഷ്ടത്തിൽ ന്യൂസിലൻഡ് മറികടന്നു.ടിം സീഫെർട്ട് (22 പന്തിൽ 45), ഫിൻ അലൻ (16 പന്തിൽ 38) എന്നിവരാണ് കിവീസിനു വേണ്ടി തിളങ്ങിയത്. മാർക് ചാപ്മാൻ (ഒന്ന്), ഡാരിൽ മിച്ചൽ (14), ജെയിംസ് നീഷം (അഞ്ച്) എന്നിവർ പെട്ടെന്ന് മടങ്ങിയെങ്കിലും മൈക്കൽ ഹെ (16 പന്തിൽ 21) കിവീസിനെ വിജയത്തിലേക്ക് നയിച്ചു. ക്യാപ്റ്റൻ മൈക്കൽ ബ്രേസ്വെൽ (അഞ്ച്) പുറത്താകാതെ നിന്നു.

പാക്കിസ്ഥാനു വേണ്ടി ഹാരിസ് റൗഫ് 20 റൺസ് വഴങ്ങി രണ്ടു വിക്കറ്റ് വീഴ്ത്തി. മുഹമ്മദ് അലി, ഖുഷ്ദിൽ ഷാ, ജഹാൻദാദ് ഖാൻ എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.നേരത്തെ, ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനെത്തിയ പാക്കിസ്ഥാൻ ഒമ്പതുവിക്കറ്റ് നഷ്ടത്തിലാണ് 136 റൺസ് അടിച്ചെടുത്തത്. ക്യാപ്റ്റൻ സൽമാൻ ആഘ (46), ഷദാബ് ഖാൻ (26), ഷഹീൻ അഫ്രീദി (14 പന്തിൽ പുറത്താവാതെ 22) എന്നിവരുടെ ഇന്നിംഗ്സുകളാണ് പാക്കിസ്ഥാനെ ഭേദപ്പെട്ട സ്കോറിലേക്ക് നയിച്ചത്.

അതേസമയം, ഹസൻ നവാസ് (0), മുഹമ്മദ് ഹാരിസ് (11), ഇർഫാൻ ഖാൻ (11), ഖുഷ്ദിൽ ഷാ (രണ്ട്), അദ്ബുൾ സമദ് (11), ജഹാൻദാദ് ഖാൻ (പൂജ്യം), ഹാരിസ് റൗഫ് (ഒന്ന്) എന്നിവർ നിരാശപ്പെടുത്തി.

ന്യൂസിലൻഡിനു വേണ്ടി ഇഷ് സോധി, ജേക്കബ് ഡഫി, ബെൻ സീർസ്, ജെയിംസ് നീഷം എന്നിവർ രണ്ട് വിക്കറ്റുകൾ വീതം വീഴ്ത്തി. ജയത്തോടെ അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ ന്യൂസിലൻഡ് 2-0ന് മുന്നിലെത്തി.

# പങ്കാളിത്ത പെൻഷൻ: ജീവനക്കാരെ പണയപ്പെടുത്തുന്നത് അവസാനിപ്പിക്കണമെന്ന് സെക്രട്ടേറിയറ്റ് അസോസിയേഷൻ

തിരുവനന്തപുരം: പങ്കാളിത്ത പെൻഷൻ പദ്ധതിയിൽപെട്ട ജീവനക്കാരെ കടമെടുപ്പിനായി എൽഡിഎഫ് സർക്കാർ പണയപ്പെടുത്തുകയാണെന്നും ഇതു ചതിയും വഞ്ചനയുമാണെന്നും കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ.

പങ്കാളിത്ത പെൻഷൻ പിൻവലിക്കുമെന്നു വാഗ്ദാനം ചെയ്ത് അധികാരത്തിലേറി 106 മാസം പിന്നിടുന്പോഴാണ് വർഷം തോറുമുള്ള പണയപ്പെടുത്തൽ. പങ്കാളിത്ത പെൻഷൻ പിൻവലിക്കുമെന്ന വാഗ്ദാനം സർക്കാർ മറന്നു. വിഹിതം 14 ശതമാനം ആക്കുന്നതിനോ ഡിസിആർജി അനുവദിക്കുന്നതിനോ തയാറായില്ല. സർവീസിലിരിക്കേ മരിച്ചാൽ ആശ്രിത നിയമനം നൽകുന്നതു വരെ അവസാന ശന്പളം നൽകുമെന്ന തീരുമാനം മാറ്റി ശന്പളത്തിന്റെ 30 ശതമാനമാക്കി വെട്ടിക്കുറച്ചു. പദ്ധതിയിൽ നിന്നു പിൻമാറാൻ നിയമ തടസങ്ങളില്ലെന്ന പുനഃപരിശോധന സമിതിയുടെ കണ്ടെത്തൽ നിലനിൽക്കേ അതിനു യാതൊരു നടപടിയുമെടുക്കാതെ, പങ്കാളിത്ത പെൻഷൻ പദ്ധതിയെ കടമെടുപ്പിനുള്ള ഉപകരണമാക്കി മാറ്റുകയാണെന്ന് അസോസിയേഷൻ പ്രസിഡന്റ് എം. എസ്. ഇർഷാദും ജനറൽ സെക്രട്ടറി കെ. പി. പുരുഷോത്തമനും പറഞ്ഞു.

# ഇറാനിൽ ക്രൈസ്തവ വിശ്വാസം സ്വീകരിച്ച മൂന്നുപേർക്ക് തടവുശിക്ഷ

ടെഹ്റാൻ: ഇറാനിൽ ഇസ്ലാം മതം ഉപേക്ഷിച്ചു ക്രൈസ്തവവിശ്വാസം സ്വീകരിച്ച ഗർഭിണി ഉൾപ്പെടെ മൂന്നുപേർക്ക് തടവുശിക്ഷ വിധിച്ച് കോടതി.

അബ്ബാസ് സൂരി(48), മെഹ്റാൻ ഷംലൂയി(37), ഗർഭിണിയായ 37 വയസുള്ള നർഗസ് നസ്രി എന്നിവരെയാണ് ഇസ്ലാമിക നിയമത്തിനു വിരുദ്ധമായ പ്രചാരണപ്രവർത്തനങ്ങൾ നടത്തിയെന്നാരോപിച്ച് ഇറേനിയൻ വിപ്ലവ കോടതി ശിക്ഷിച്ചതെന്ന് ലണ്ടൻ ആസ്ഥാനമായുള്ള സന്നദ്ധ സംഘടനയായ ആർട്ടിക്കിൾ 18 റിപ്പോർട്ട് ചെയ്തു.

അബ്ബാസിന് 15 വർഷം തടവും മെഹ്റാന് പത്തു വർഷം തടവും നർഗസിന് 16 വർഷം തടവുമാണ് വിധിച്ചത്. മൂന്നുപേർക്കും കടുത്ത പിഴശിക്ഷയുമുണ്ട്.

2024 നവംബർ മൂന്നിന് ടെഹ്റാനിലെ ഇവരുടെ വീടുകളിൽ രഹസ്യാന്വേഷണ ഏജൻറുമാർ നടത്തിയ റെയ്ഡിനിലാണ് മൂന്നുപേരെയും അറസ്റ്റ് ചെയ്തത്.

ഈ സമയത്ത് ബൈബിളുകൾ, കുരിശുകൾ, സംഗീതോപകരണങ്ങൾ എന്നിവയുൾപ്പെടെയുള്ള സ്വകാര്യ വസ്തുക്കൾ കണ്ടുകെട്ടി. തുടർന്ന് ഇവരെ രഹസ്യാന്വേഷണ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള എവിൻ ജയിലിലെ 209ാം വാർഡിലേക്കു മാറ്റിയിരുന്നു.

ഇറാനിലെ ഇസ്ലാമിക ഭരണകൂടത്തെ അട്ടിമറിക്കുന്നതിനുള്ള പാശ്ചാത്യരുടെ ശ്രമമായിട്ടാണ് മുസ്ലിംകളുടെ ക്രൈസ്തവ വിശ്വാസത്തിലേക്കുള്ള മതപരിവർത്തനത്തെ ഇറാൻ ഭരണകൂടം നോക്കിക്കാണുന്നത്. അതേസമയം മതപണ്ഡിതന്മാരുടെ ഭീഷണിയും സമ്മർദവും കർക്കശ നിയമക്കുരുക്കുകളും ഭേദിച്ച് ഇറാനിൽ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ വൻവർധനവാണ് ഓരോ വർഷവും ഉണ്ടാകുന്നത്. എങ്കിലും ക്രൈസ്തവർക്കു ജീവിക്കാൻ ബുദ്ധിമുട്ടുള്ള ആഗോള രാജ്യങ്ങളുടെ പട്ടികയിൽ ഒന്പതാം സ്ഥാനത്താണ് ഇറാൻ.

# കളഞ്ഞുകിട്ടിയ എടിഎം കാർഡ് ഉപയോഗിച്ച് പണം തട്ടിയ കേസ്; സുജന്യ ഗോപി ബ്ലോക്ക് പഞ്ചായത്തംഗത്വം രാജിവച്ചു

ആലപ്പുഴ: കളഞ്ഞുകിട്ടിയ എടിഎം കാർഡ് ഉപയോഗിച്ച് പണം തട്ടിയ കേസിൽ അറസ്റ്റിലായ സുജന്യ ഗോപി ബ്ലോക്ക് പഞ്ചായത്തംഗത്വം രാജിവച്ചു.

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ തിരുവൻണ്ടൂർ ഡിവിഷൻ അംഗമാണ് സുജന്യ. കേസിൽ സുജന്യ അറസ്റ്റിലായതിനു പിന്നാലെ ബിജെപിയിൽ നിന്ന് ഇവരെ പുറത്താക്കിയിരുന്നു.

കഴിഞ്ഞ വെള്ളിയാഴ്ചയാണ് ചെങ്ങന്നൂർ സ്വദേശിയായ യുവാവിന്റെ പേഴ്സ് റോഡിൽ നഷ്ടമായത്. ഇത് ഓട്ടോ ഡ്രൈവറായ സലീഷിന് ലഭിച്ചു. പിന്നീട് പേഴ്സിൽ നിന്ന് ലഭിച്ച എടിഎം കാർഡും പിൻനമ്പരും ഉപയോഗിച്ച് ഇവർ പണം തട്ടുകയായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



സമഗ്രം കാട്ടാക്കട റിപ്പോർട്ട് ഐ ബി സതീഷ് എം എൽ എ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു.

# സമഗ്രം കാട്ടാക്കട റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൈമാറി

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് തിരുവനന്തപുരം ജില്ല ഓഫീസ് തയാറാക്കിയ സമഗ്രം കാട്ടാക്കട റിപ്പോർട്ട് ഐ ബി സതീഷ് എം.എൽ.എ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി.

ജനസംഖ്യ, കൃഷി, വ്യവസായം, തൊഴിൽ വിവിധ മേഖലയിലുള്ള അടിസ്ഥാന സ്ഥിതിവിവരകണക്കുകൾ, സ്ത്രീ അവസ്ഥാ പഠനം, തുടങ്ങിയ സ്ഥിതിവിവരകണക്കുകൾ ആണ് റിപ്പോർട്ടിലുള്ളത്. 2011 സെൻസസുമായി താരതമ്യം ചെയ്യുമ്പോൾ 19 ശതമാനം വർദ്ധനവാണ് 2024 ൽ ജനസംഖ്യയിൽ ഉണ്ടായിട്ടുള്ളത്. ഭവനങ്ങളുടെ എണ്ണത്തിലും വർധവുണ്ടായി. മണ്ഡലത്തിലെ സ്ത്രീ പുരുഷ അനുപാതം 1058 ആണ്.അതിദരിദ്ര കുടുംബങ്ങളായി നിയോജക മണ്ഡലത്തിൽ കണ്ടെത്തിയിട്ടുള്ളത് 547 കുടുംബങ്ങളാണ്. വിവിധ പ്രവർത്തനങ്ങളിലൂടെ 2025 ജനുവരി വരെയുള്ള കണക്ക് പ്രകാരം 174 (32 ശതമാനം) കുടുംബങ്ങൾ അതിദാരിദ്ര്യത്തിൽ നിന്നും മോചിതരായി.

ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന 4,197 പേരും, മാനസിക വെല്ലുവിളി നേരിടുന്ന 1,329 പേരും മണ്ഡലത്തിൽ ഉണ്ട്. ക്യാൻസർ ബാധിതരായ 1,032 പേരിൽ 67 ശതമാനം പേരും വനിതകളാണ്. കുടുംബനാഥ, ഏക വനിത, അവിവാഹിത, അവിവാഹിതയായ അമ്മ എന്നിവർ യാഥാക്രമം 6325, 1577, 1653, 75 ആണ്.2023-24 കാർഷിക വർഷത്തിൽ നെൽകൃഷി വിസ്തൃതി 4.59 ഹെക്ടർ ആണ്.

മുൻവർഷത്തെ അപേക്ഷിച്ച് 2023-24 കാർഷിക വർഷം 124 ശതമാനം വർദ്ധനവുണ്ടായി. കാർഷിക ഉത്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ മാർക്കറ്റിംഗ് പ്രോത്സാഹിപ്പിക്കുക. നെൽകൃഷി വർദ്ധിപ്പിച്ച് പാടശേഖരങ്ങളെ ഇക്കോ ടൂറിസം കേന്ദ്രങ്ങളായി മാറ്റുക, ഗുണമേന്മയുള്ളതും അത്യൽപാദനശേഷിയുള്ളതുമായ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുക, മണ്ണിന്റെ ഗുണമേന്മ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക. സ്ത്രീകൾക്കായി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവരുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ പരിഗണിക്കുക, വീട്ടുജോലികളിൽ കുടുംബാംഗങ്ങളുടെ ഉത്തരവാദിത്തത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക, വിദ്യാസമ്പന്നരായ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നൽകുക തുടങ്ങിയ നിർദ്ദേശങ്ങളും റിപ്പോർട്ടിലുണ്ട്.

## ഉത്തരസൂചിക പ്രസിദ്ധീകരിച്ചു

2025 ഫെബ്രുവരി മാസം നടത്തിയ യു.എസ്.എസ് പരീക്ഷയുടെ പ്രൊവിഷണൽ ഉത്തരസൂചികകൾ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (https://pareekshabhavan.kerala.gov.in, https://bpekerala.in/lss_uss_2025) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# കടയ്ക്കൽ ക്ഷേത്രത്തിലെ വിപ്ലവഗാനം; രൂക്ഷവിമർശനവുമായി ഹൈക്കോടതി

കൊച്ചി: കൊല്ലം കടയ്ക്കൽ ക്ഷേത്രത്തിലെ ഉത്സവത്തിനിടെ വിപ്ലവ ഗാനം അലപിച്ച സംഭവത്തിൽ രൂക്ഷവിമർശനവുമായി ഹൈക്കോടതി. കഴിഞ്ഞ 10ന് ക്ഷേത്രത്തിൽ ഗായകൻ അലോഷിയുടെ നേതൃത്വത്തിൽ നടത്തിയ പരിപാടിയിലാണ് വിപ്ലവ ഗാനം ആലപിച്ചത്.

ഇത് ക്ഷേത്ര ഉത്സവമാണ്. അല്ലാതെ കോളജ് ആനൽ ഡേയോ രാഷ്ട്രീയ പാർട്ടിയുടെ പരിപാടിയോ അല്ലെന്ന് കോടതി പറഞ്ഞു. ക്ഷേത്രവുമായി ബന്ധപ്പെട്ട പരിപാടികളും ക്ഷേത്ര ചടങ്ങുകളും അതോടൊപ്പം ക്ഷേത്രത്തിൽ നടത്താൻ കഴിയുന്ന മറ്റ് പരിപാടികളും മാത്രമേ നടത്താൻ പാടുള്ളൂ.

ക്ഷേത്രം ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ വിപ്ലവഗാനങ്ങൾ ആലപിക്കാനുള്ള ഇടമല്ലെന്നും കോടതി വ്യക്തമാക്കി. കേസിൽ ദേവസ്വം സെക്രട്ടറിയെ കൂടി കക്ഷി ചേർത്തു. ആരാണ് പരിപാടി നടത്തിയതെന്നും ആരാണ് പരിപാടിക്ക് പണം മുടക്കിയതെന്നും കോടതി ചോദിച്ചു.

ക്ഷേത്ര ഉപദേശക സമിതിയാണ് പരിപാടി സംഘടിപ്പിച്ചതെന്നാണ് തിരുവിതാംകൂർ ദേവസ്വം ഹൈക്കോടതിയിൽ നൽകിയ മറുപടിയിൽ പറയുന്നത്. സർക്കാരിൻറെ നിലപാടും കോടതി തേടിയിട്ടുണ്ട്.

# എപിപിയുടെ ഫേസ് ബുക്ക് പോസ്റ്റ്: സർക്കാരിന് നടപടി സ്വീകരിക്കാമെന്ന് ഡിജിപി

കൊല്ലം: വൈദ്യ പരിശോധനയിൽ ഡോക്ടർമാരുടെ നിലപാടുകൾക്കെതിരെ അസി. പബ്ലിക് പ്രോസിക്യൂട്ടറുടെ ഫേസ്ബുക്ക് പോസ്റ്റിമേൽ നടപടി ആവശ്യമെങ്കിൽ സർക്കാരിന് തീരുമാനിക്കാമെന്ന് ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ.

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽഹൗസ്സർജനായ ഡോ. വന്ദന ദാസ് ഡ്യൂട്ടിക്കിടെ കുത്തേറ്റ് മരിച്ചു ദിവസം പരവൂർ മജിസ്ട്രേറ്റ് കോടതി രണ്ടിലെ അസി. പബ്ലിക്പ്രോസിക്യൂട്ടർ ശ്യാംകൃഷ്ണഫേസ്ബുക്ക് പോസ്റ്റിലൂടെ പ്രതികളെ വൈദ്യ പരിശോധന നടത്തുന്ന ഡോക്ടർമാർക്കെതിരെ നടത്തിയ പരാമർശങ്ങളിൽ തുടർ നടപടി ആവശ്യമെങ്കിൽ സർക്കാരിന് തീരുമാനമെടുക്കാമെന്ന് കാണിച്ച് ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് റിപ്പോർട്ട് നൽകി.ഇത് സംബന്ധിച്ച് ആൽബിൻ എന്നയാൾ സർക്കാരിന് നൽകിയ പരാതിയിലാണ് പ്രോസിക്യൂഷൻ ഡയറക്ടേറ്റ് (ഭരണവിഭാഗം) ആഭ്യന്തര വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചത്.

ഡോ. വന്ദന ദാസിന് ഡ്യൂട്ടിയ്ക്കിടെ കുത്തേറ്റ് ജീവൻ ബലികൊടുക്കേണ്ടി വന്നതുമായി ബന്ധപ്പെട്ട് പോലീസിനെ അനുകൂലിച്ചും വൈദ്യ പരിശോധന നടത്തുന്ന ഡോക്ടർമാരെ കുറ്റപ്പെടുത്തിയും അസി. പബ്ലിക് പ്രോസിക്യൂട്ടർ ശ്യാംകൃഷ്ണ ഫേസ് ബൂക്കിലൂടെ നടത്തിയ പരാമർശങ്ങളാണ് പരാതിയ്ക്ക് ഇടയാക്കിയത്.

ആരോപണ വിധേയനെ അനുകൂലിച്ച് സമർപ്പിച്ച റിപ്പോർട്ടിന്മേൽ ആൽബിൻ ചീഫ് സെക്രട്ടറിക്ക് അപ്പീൽ അപേക്ഷയും പിന്നാലെ സമർപ്പിച്ചിരുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രതികളുടെ വൈദ്യ പരിശോധനയിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന ഡോക്ടർമാർക്കെതിരെയും മനുഷ്യാവകാശം സ്വന്തം ജീവനേക്കാൾ വലുതല്ലെന്ന് ഔദ്യോഗിക പദവി പ്രതിപാദിച്ച് ഫേസ് ബൂക്കിലൂടെ നടത്തിയ ആഹ്വാനവും സർക്കാർ അഭിഭാഷകന്റെ ഭാഗത്തു നിന്ന് ഉണ്ടായത് അംഗീകരിക്കുവാൻ കഴിയില്ലെന്ന് പരാതിയിലുണ്ട്.

കൊല്ലം പരവൂർ മജിസ്ട്രേറ്റ് കോടതി ഒന്നിലെ വനിതാ അസി. പബ്ലിക് പ്രോസിക്യൂട്ടറും മാവേലിക്കര സെഷൻ കോടതി ജഡ്ജിയുടെ ഭാര്യയുമായ അനീഷ്യയുടെ മരണവുമായി ബന്ധപ്പെട്ട കേസിൽ കെ. ആർ. ശ്യാം കൃഷ്ണനെയും പ്രതിയാക്കി പോലീസ് കേസ് എടുത്തിരുന്നു.

മാത്രമല്ല ഇയാളെ പ്രോസിക്യൂഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരം സർക്കാർ സസ്പെൻഡും ചെയ്തിരുന്നു. ഈ സംഭവങ്ങൾക്ക് മുമ്പാണ് ഫേസ് ബൂക്കിലൂടെ ഡോക്ടർമാരെ വിമർശിച്ചതിന് ഇയാൾക്കെതിരെ പരാതി സർക്കാരിന് ലഭിച്ചത്.

# വിവാഹബന്ധത്തിൽ നിന്നും പിന്മാറിയത് വൈരാഗ്യമായി; കൊല്ലത്തെ വിദ്യാർഥിയുടെ കൊലപാതകത്തിൽ കൂടുതൽ വിവരങ്ങൾ

കൊല്ലം: വീട്ടിൽ കയറി വിദ്യാർഥിയെ കൊലപ്പെടുത്തിയ ശേഷം യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. തേജസുമായുള്ള ബന്ധത്തിൽ നിന്നും ഫെബിൻറെ സഹോദരി പിന്മാറിയതിനെ തുടർന്നുണ്ടായ വൈരാഗ്യമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് പോലീസ് കണ്ടെത്തി.

കൊല്ലപ്പെട്ട ഫെബിൻറെ സഹോദരിയും തേജസും തമ്മിൽ സൗഹൃദമുണ്ടായിരുന്നു. ഇരുവരും തമ്മിലുള്ള വിവാഹത്തിന് കുടുംബങ്ങൾ സമ്മതിച്ചിരുന്നു. പിന്നീട് യുവതി തേജസുമായുള്ള വിവാഹത്തിൽ നിന്നും പിന്മാറി.

എന്നാൽ ബന്ധം തുടരണമെന്ന് ആവശ്യപ്പെട്ട് യുവതിയെ തേജസ് പതിവായി ശല്യം ചെയ്തിരുന്നു. സംഭവത്തെക്കുറിച്ച് അറിഞ്ഞ വീട്ടുകാർ ഇത് വിലക്കി. ഇതേ തുടർന്നുണ്ടായ വൈരാഗ്യമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് പോലീസ് അറിയിച്ചു.

യുവതിയെയും കൊലപ്പെടുത്താൻ പ്രതി ശ്രമിച്ചിരുന്നോയെന്ന് സംശയമുണ്ടെന്ന് പോലീസ് വ്യക്തമാക്കി.ഉളിയകോവിൽ വിളപ്പുറം മാതൃക നഗർ 160ൽ ജോർജ് ഗോമസിൻറെ മകൻ ഫെബിൻ ജോർജ് ഗോമസ് (അപ്പു-22) ആണ് കൊല്ലപ്പെട്ടത്. ചവറ പരിമണം സ്വദേശിയായ തേജസ് രാജ് ആണ് ഫെബിനെ കുത്തിക്കൊലപ്പെടുത്തിയ ശേഷം ട്രെയിനിനു മുന്നിൽ ചാടി ആത്മഹത്യ ചെയ്തത്.

തിങ്കളാഴ്ച രാത്രിയാണ് സംഭവം നടന്നത്. കാറിൽ പർദ ധരിച്ചെത്തിയ തേജസ് ഫെബിനെ വീട്ടിൽനിന്നു വിളിച്ചിറക്കി കുത്തിക്കൊലപ്പെടുത്തുകയായിരുന്നു. ആക്രമണം തടയാനെത്തിയ ഫെബിൻറെ പിതാവ് ജോർജ് ഗോമസിനും പരിക്കേറ്റു. തേജസ് കൈയിൽ പെട്രോളും കരുതിയിരുന്നു. ഇത് ഗോമസിനു മേൽ ഒഴിച്ചു.

കുത്തേറ്റ ഫെബിൻ പ്രാണരക്ഷാർഥം വീടിനു പുറത്തേക്ക് ഓടി റോഡിൽ വീഴുകയായിരുന്നു. ഇതിനു സമീപത്തുനിന്നും ഫെബിനെ കുത്തിയ കത്തി ലഭിച്ചിട്ടുണ്ട്. ഫെബിന കഴുത്ത്, കൈ, വാരിയെല്ല് എന്നിവിടങ്ങളിലാണ് കുത്തേറ്റത്.

തടയാൻ ശ്രമിച്ച പിതാവിന് വാരിയെല്ലിനും കൈക്കും ആഴത്തിൽ മുറിവേറ്റിട്ടുണ്ട്. കൊല്ലത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ഫെബിൻറെ ജീവൻ രക്ഷിക്കാനായില്ല. പിതാവ് ചികിത്സയിലാണ്.കുത്തിയ ശേഷം കാറിൽ കടന്ന തേജസ് കടപ്പാക്കട ചെമ്മാൻമുക്കിൽ റെയിൽവേ പാളത്തിന് സമീപം കാർ ഉപേക്ഷിച്ച് ട്രെയിനിനു മുന്നിൽ ചാടി ആത്മഹത്യ ചെയ്യുകയായിരുന്നു.

# വളർത്തച്ഛൻെറ സ്നേഹം കുറയുമെന്ന തോന്നലിൽ ക്രൂരത; കണ്ണൂരിലെ പിഞ്ചുകുഞ്ഞിനെ കൊലപ്പെടുത്തിയത് പന്ത്രണ്ടുകാരി

കണ്ണൂർ: പാപ്പിനിശേരിയിൽ നാല് മാസം പ്രായമുള്ള കുഞ്ഞിനെ കൊലപ്പെടുത്തിയത് 12 വയസുകാരി.

മരിച്ച കുഞ്ഞിൻറെ അച്ഛൻറെ സഹോദരൻറെ മകളാണ് കുഞ്ഞിനെ കൊലപ്പെടുത്തിയതെന്നാണ് പോലീസിൻറെ നിഗമനം.

തമിഴ്നാട് സ്വദേശികളായ മുത്തു-അക്കമ്മൽ ദമ്പതികളുടെ മകൾ യാസിക ആണ് മരിച്ചത്.

തിങ്കളാഴ്ച രാത്രിയാണ് സംഭവം. ശുചിമുറിയിലേക്ക് പോകാനെന്ന വ്യാജേന എണ്ണീറ്റ ശേഷം ഉറങ്ങിക്കിടന്ന കുഞ്ഞിനെ എടുത്ത് കിണറ്റിലേക്ക് ഇടുകയായിരുന്നെന്നാണ് പെൺകുട്ടിയുടെ മൊഴി. പിന്നീട് ദമ്പതികളെ വിളിച്ച് കുഞ്ഞിനെ കാണാനില്ലെന്ന് അറിയിക്കുകയായിരുന്നു.

മാതാപിതാക്കളില്ലാത്ത പെൺകുട്ടി മുത്തുവിൻറെയും അക്കമ്മലിൻറെയും സംരക്ഷണയിലാണ്. ദമ്പതികൾക്ക് കുഞ്ഞ് ജനിച്ചപ്പോൾ തന്നോടുള്ള സ്നേഹം കുറയുമോ എന്ന ആശങ്കയാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നാണ് വിവരം.

വാടക ക്വാട്ടേഴ്സിന് സമീപത്തെ കിണറ്റിലാണ് കുഞ്ഞിനെ മരിച്ച നിലയിൽ കണ്ടെത്തിയത്. കുട്ടിയെ കാണാനില്ലെന്ന് രാത്രി പോലീസിന് പരാതി ലഭിച്ചിരുന്നു. ഇതിന് പിന്നാലെയാണ് മൃതദേഹം കിണറ്റിൽ കണ്ടെത്തിയത്.

# സർക്കാർ ഡോക്ടർമാർ ഇന്ന് പ്രതിഷേധിക്കും; ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനു മുന്നിൽ ധർണ

കോഴിക്കോട്: ആരോഗ്യവകുപ്പിൻറെ പ്രവർത്തനങ്ങളെത്തന്നെ താളം തെറ്റിക്കുന്ന തരത്തിൽ ഡയറക്ടറുടെ ഭാഗത്തുനിന്നുണ്ടാകുന്ന നിലപാടുകളിൽ പ്രതിഷേധിച്ച് കേരള ഗവ. മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ പ്രവർത്തകർ ഇന്നു പ്രതിഷേധിക്കും. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനു മുന്നിൽ ഡോക്ടർമാർ ഇന്ന് ധർണ നടത്തും.

ഡോക്ടർമാർക്കു നേരേ അന്യായമായും തിടുക്കത്തിലുമുള്ള ശിക്ഷാനടപടികൾക്കു മുതിരുന്ന മേധാവി സർവീസ് സംബന്ധമായ പ്രശ്നങ്ങൾക്കു സമയബന്ധിതമായി പരിഹാരം കാണുന്നതിൽ ആ ജാഗ്രത കാട്ടുന്നില്ലെന്ന് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് ഡോ. പി.കെ. സുനിൽ പറഞ്ഞു.

പൊതുജനങ്ങളെ നേരിട്ടു ബാധിക്കുന്ന തരത്തിൽ മാനവ വിഭവശേഷിയിൽ കടുത്ത കുറവ് നേരിടുന്ന വകുപ്പിൽ നിലവിലുള്ളതിൽ ത്തന്നെ അഞ്ഞൂറോളം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇതു നികത്താൻ സംഘടന സമർപ്പിച്ച പ്രായോഗിക നിർദേശങ്ങൾ ഒന്നുംതന്നെ വകുപ്പ് സ്വീകരിച്ചിട്ടില്ല.

ഒഴിവുകൾ നികത്താതെ കിടക്കുമ്പോൾത്തന്നെ ഡോക്ടർമാരുടെ വിവിധ സർവീസ് വിഷയങ്ങളിലെ ഫയലുകൾ മാസങ്ങളായി തീർപ്പാകാതെ ഡയറക്ടറേറ്റിൽ കിടക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

വകുപ്പുതല അച്ചടക്ക നടപടികളുടെ പേരിൽ നടക്കുന്നത് അക്ഷരാർഥത്തിൽ പ്രതികാരബുദ്ധിയോടെയുള്ള കാര്യങ്ങളാണ്.

സമൂഹമനഃസാക്ഷിയെ ഞെട്ടിച്ച ഡോ. വന്ദന ദാസ് കൊലപാതകത്തിൽ പ്രതിഷേധിച്ച് കെജിഎംഒഎയുടെ നേതൃത്വത്തിൽ നടന്ന നിസഹകരണ പ്രതിഷേധത്തിൻറെ ഭാഗമായി ഒരു ഉദ്ഘാടനച്ചടങ്ങിൽനിന്ന് വിട്ടുനിന്ന ഡോക്ടർക്ക് വാർഷിക ഇൻക്രിമെൻറ് തടയുന്ന ശിക്ഷയാണ് ഡിഎച്ച്എസ് നൽകിയിരിക്കുന്നത്. ഉദ്ഘാടനത്തിൽ പങ്കെടുക്കാതെ ആ സമയം തൻറെ ആശുപത്രിയിൽ എത്തിയ രോഗികളെ ചികിത്സിച്ച ഡോക്ടറാണ് പ്രസ്തുത ശിക്ഷാനടപടിക്ക് വിധേയനായിരിക്കുന്നത്.

മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള വിഐപി ഡ്യൂട്ടികളിൽനിന്ന് വിട്ടുനിന്നതിൻറെ പേരിൽ ഡോക്ടർമാർക്കെതിരേ പ്രതികാര മനോഭാവത്തോടുകൂടി അച്ചടക്ക നടപടികൾ ആരംഭിച്ചിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

# മലബാർ കാൻസർ സെന്ററിൽ കാർ ടി സെൽ തെറാപ്പി വിജയം രാജ്യത്ത് കാർ ടി സെൽ തെറാപ്പി നൽകുന്ന രണ്ടാമത്തെ സർക്കാർ സ്ഥാപനം

തിരുവനന്തപുരം: മലബാർ കാൻസർ സെന്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റീസർച്ചിൽ കാർ ടി സെൽ തെറാപ്പിയിൽ (CAR T Cell Therapy) അഭിമാനകരമായ നേട്ടം കൈവരിച്ചിരിക്കുകയാണ്. എംസിസിയിൽ രാജ്യത്ത് തന്നെ സർക്കാർ തലത്തിൽ രണ്ടാമതായി ആരംഭിച്ച കാർ ടി സെൽ തെറാപ്പി വിജയം.

5 രോഗികൾക്കാണ് കാർ ടി ചികിത്സക്ക് ആവശ്യമായ ടി സെൽ ശേഖരണം നടത്തിയത്. ഇതിൽ 3 പേരുടെ ചികിത്സ പൂർത്തീകരിച്ചു. ഈ അഞ്ചുപേരിൽ 3 പേർക്ക് ബി അക്യൂട്ട് ലിംഫോബ്ളാസ്റ്റിക് ലുക്കീമിയ എന്ന രോഗമായിരുന്നു. അതിൽ തന്നെ ഒരാളുടെ അസുഖം മജ്ജമാറ്റിവക്കൽ ചികിത്സയ്ക്ക് ശേഷം തിരിച്ചു വന്ന അവസ്ഥയിലായിരുന്നു. 16,19,20 വയസ് പ്രായമുള്ള രോഗികളായിരുന്നു ഇവരെല്ലാം. ബി നോൺ ഹോഡ്കിൻസ് ലിംഫോമ എന്ന രോഗമായിരുന്നു മറ്റ് രണ്ടുപേർക്കും. രണ്ട് തരം അതിശക്തമായ കീമോതെറാപ്പി പരാജയപ്പെട്ട രോഗമായിരുന്നു. ഇവർക്കാണ് കാർ ടി ചികിത്സ സഹായകരമായത്.

സാധാരണക്കാർക്കും ലോകോത്തര അത്യാധുനിക ചികിത്സകൾ ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. അതിന്റെ ഭാഗമായാണ് റോബോട്ടിക് സർജറി, കാർ ടി സെൽ തുടങ്ങിയ അത്യാധുനിക ചികിത്സകൾ സാധ്യമാക്കിയത്. രാജ്യത്തിന് അഭിമാനകരമായ നേട്ടം കൈവരിച്ച ഡയറക്ടർ ഉൾപ്പെടെയുള്ള എംസിസിയിലെ മുഴുവൻ ടീം അംഗങ്ങളേയും മന്ത്രി അഭിനന്ദനം അറിയിച്ചു. പ്രതിരോധ കോശങ്ങൾ കൊണ്ട് കാൻസറിനെ ചികിത്സിക്കുന്നതാണ് കാർ ടി സെൽ തെറാപ്പി. മനുഷ്യ ശരീരത്തിലെ രോഗ പ്രതിരോധം ഉറപ്പാക്കുന്ന ഒരു തരം വെളുത്ത രക്താണുക്കളാണ് ടി സെല്ലുകൾ. കാർ ടി സെൽ ചികിത്സാ രീതിയിൽ ഈ ലിംഫോസൈറ്റുകളെ രോഗിയിൽ നിന്നും ശേഖരിച്ച ശേഷം അവയെ പ്രത്യേകം സജ്ജീകരിച്ച ലബോറട്ടറിയിൽ വെച്ച് ജനിതക പരിഷ്കരണം നടത്തുന്നു. ജനിതകമാറ്റം വരുത്തിയ കോശങ്ങൾ രോഗിയിൽ തിരികെ പ്രവേശിപ്പിക്കുന്നു. ഇത് ട്യൂമർ കോശങ്ങളെ നശിപ്പിക്കുന്നു. ട്യൂമറിനെതിരായ ഏറ്റവും ഫലപ്രദമായ തെറാപ്പികളിൽ ഒന്നാണിത്.

ആരോഗ്യമുള്ള കോശങ്ങളെ നശിപ്പിക്കാതെ കാർ ടി സെല്ലുകൾ പ്രത്യേകമായി കാൻസർ കോശങ്ങളെ നശിപ്പിക്കുന്നു. മാറാത്ത രക്താർബുദങ്ങൾക്ക് ഏറെ ഫലപ്രദമാണിത്. പരമ്പരാഗത കീമോതെറാപ്പി അല്ലെങ്കിൽ റേഡിയേഷൻ തെറാപ്പി എന്നിവയിൽ നിന്ന് വ്യത്യസ്തമായി കാർ ടി സെൽ തെറാപ്പി സാധാരണയായി ഒറ്റത്തവണ ചികിത്സയാണ്. പരമ്പരാഗത കാൻസർ ചികിത്സകളെ അപേക്ഷിച്ച് കാർ ടി സെൽ തെറാപ്പിക്ക് പാർശ്വഫലങ്ങൾ കുറവായിരിക്കും.

രോഗ ലക്ഷണങ്ങൾ കുറയ്ക്കുകയും മൊത്തത്തിലുള്ള ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ രോഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കാർ ടി സെൽ തെറാപ്പിക്ക് കഴിയും. കാർ ടി സെൽ തെറാപ്പിയുടെ ആശുപത്രിവാസ സമയം താരതമ്യേന കുറവാണ്. ആശുപത്രി വാസമില്ലാതെയും ഇത് നൽകാൻ സാധിക്കും. സാധാരണ നിലയിൽ 50 ലക്ഷത്തോളം രൂപ വരുന്ന ജനിതക പരിഷ്കരണമാണ് 'പേഷ്യന്റ് അസ്സിസ്റ്റൻസ് പ്രോഗ്രം' വഴി 30 ലക്ഷം രൂപയ്ക്ക് ലഭ്യമാക്കിയത്. വിവിധ സർക്കാർ പദ്ധതികളുൾപ്പെടെ ചികിത്സയ്ക്ക് സഹായമാക്കുന്നുണ്ട്.

## ഒറ്റപ്പാലത്ത് ശിവസേനാ നേതാവിനെ കുത്തി പരിക്കേൽപ്പിച്ച സംഭവം; പ്രതി പിടിയിൽ

പാലക്കാട്: ഒറ്റപ്പാലത്ത് ശിവസേനാ നേതാവിനെ കുത്തിപരിക്കേൽപ്പിച്ച സംഭവത്തിലെ പ്രതി പിടിയിൽ. കയറമ്പാറ സ്വദേശി ഫൈസൽ ആണ് പിടിയിലായത്.ശിവസേന പാലക്കാട് ജില്ലാ സെക്രട്ടറി വിവേകിനാണ് കുത്തേറ്റത്. ഈസ്റ്റ് ഒറ്റപ്പാലത്തെ ചായക്കടയ്ക്ക് മുന്നിൽ തിങ്കളാഴ്ച രാത്രിയാണ് ആക്രമണമുണ്ടായത്.

നേരത്തേ ചിനക്കത്തൂർ പൂരത്തിനിടെ ഫൈസലിൻറെ പിതാവിനെ വിവേകും സംഘവും ആക്രമിച്ചിരുന്നു. ഇതിൻറെ വൈരാഗ്യത്തിലാണ് ആക്രമണമെന്ന് പോലീസ് പറഞ്ഞു.അതേസമയം കുത്തേറ്റ വിവേകിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇയാളുടെ പരിക്ക് സാരമുള്ളതല്ല